കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE ARMS ACT, 1959

(Act No. 54 of 1959)

# ആയുധങ്ങൾ ആക്ട്, 1959

(1959-ലെ 54-ാം നമ്പർ ആക്ട്)

വില :

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1983

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE ARMS ACT, 1959

(Act No, 54 of 1959)

# ആയുധങ്ങൾ ആക്റ്റ്, 1959

(1959-ലെ 54-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1983

# ആയുധങ്ങൾ ആക്റ്റ്, 1959

## (1959-ലെ 54-ാം ആക്റ്റ്)

### വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ :

അദ്ധ്യായം I

പ്രാരംഭികം


1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.
2. നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും


അദ്ധ്യായം II

ആയുധങ്ങളുടേയും വെടിക്കോപ്പുകളുടേയും ആർജ്ജനവും കൈവശവും നിർമ്മാണവും വില്പനയും ഇറക്കുമതിയും കയററുമതിയും പരിവഹനവും


3. ആഗ്നേയായുധങ്ങളും വെടിക്കോപ്പും ആർജ്ജിക്കുകയും കൈവശം വയ്ക്കുകയുംചെയ്യുന്നതിനുള്ള ലൈസൻസ്.
4. ചില സംഗതികളിൽ വിനിർദ്ദിഷ്ടതരത്തിലുള്ള ആയുധങ്ങൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള ലൈസൻസ്.
5. ആയുധങ്ങളുടേയും വെടിക്കോപ്പുകളുടേയും നിർമ്മാണം, വില്പന, മുതലായവയ്ക്കുള്ള ലൈസൻസ്.
6. തോക്കുകളുടെ നീളം കുറയ്ക്കുന്നതിനോ, അല്ലെങ്കിൽ വ്യാജ ആഗ്നേയായുധങ്ങളെ ആഗ്നേയായുധങ്ങളായി മാററുന്നതിനോ ഉള്ള ലൈസൻസ്.
7. നിരോധിത ആയുധങ്ങളുടേയോ നിരോധിത വെടിക്കോപ്പുകളുടേയോ ആർജ്ജനത്തിനും, കൈവശത്തിനും നിർമ്മാണത്തിനും വില്പനക്കുമുള്ള നിരോധനം.
8. തിരിച്ചറിയാനുള്ള അടയാളങ്ങൾ ഇല്ലാത്ത ആഗ്നേയായുധങ്ങളുടെ വില്പനയോ കൈമാററമോ നിരോധിക്കൽ.
9. ചെറുപ്രായക്കാരും മററു ചില ആളുകളും ആഗ്നേയായുധങ്ങൾ മുതലായവ ആർജ്ജിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നതിനോ അവ അവർക്കു വിൽക്കുന്നതിനോ കൈമാററം ചെയ്യുന്നതിനോ ഉള്ള നിരോധനം.
10. ആയുധങ്ങൾ മുതലായവയുടെ ഇറക്കുമതിക്കും കയററുമതിക്കുമുള്ള ലൈസൻസ്.
11. ആയുധങ്ങൾ മുതലായവയുടെ ഇറക്കുമതിയോ കയററുമതിയോ നിരോധിക്കാനുള്ള അധികാരം.
12. ആയുധങ്ങളുടെ പരിവഹണം നിയന്ത്രിക്കുന്നതിനോ നിരോധിക്കുന്നതിനോ ഉള്ള അധികാരം


അദ്ധ്യായം III

ലൈസൻസുകൾ സംബന്ധിച്ച വ്യവസ്ഥകൾ


13. ലൈസൻസുകൾ നൽകൽ.
14. ലൈസൻസുകൾ കൊടുക്കാതിരിക്കൽ.
15. ലൈസൻസിൻെറ കാലാവധിയും പുതുക്കലും.
16. ലൈസൻസിന് ഫീസ് മുതലായവ.
17. ലൈസൻസുകൾ വ്യത്യാസപ്പെടുത്തുന്നതും നിറുത്തി വയ്ക്കുന്നതും പിൻവലിക്കുന്നതും.
18. അപ്പീലുകൾ


അദ്ധ്യായം IV

അധികാരങ്ങളും നടപടിക്രമവും


19. ലൈസൻസ് മുതലായവ ഹാജരാക്കുന്നതിന് ആവശ്യപ്പെടാനുള്ള അധികാരം.
20. സംശയകരമായ പരിതഃസ്ഥിതികളിൽ ആയുധങ്ങൾ മുതലായവ കൊണ്ടുപോകുന്ന ആളുകളെ അറസ്ററ് ചെയ്യൽ.
21. കൈവശം വയ്ക്കുന്നത് നിയമാനുസൃതമല്ലാതായിത്തീരുമ്പോൾ ആയുധങ്ങൾ മുതലായവ തിരിച്ചേല്പിക്കൽ.
22. മജിസ്ട്രേട്ടിനാലുള്ള ശോധനയും പിടിച്ചെടുക്കലും.
23. ആയുധങ്ങൾ മുതലായവയ്ക്കുവേണ്ടി ജലയാനങ്ങളും വാഹനങ്ങളും ശോധന ചെയ്യൽ.
24. കേന്ദ്ര ഗവൺമെൻറിൻെറ ഉത്തരവിൻ കീഴിലുള്ള പിടിച്ചെടുപ്പും തടങ്കലിൽ വയ്പും.


അദ്ധ്യായം V

കുററങ്ങളും ദണ്ഡനങ്ങളും


25. ചില കുററങ്ങൾക്കുള്ള ശിക്ഷ.
26. രഹസ്യമായ ഉല്ലംഘനങ്ങൾ.
27. ആയുധങ്ങൾ മുതലായവ നിയമവിരുദ്ധമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്ന ഉദ്ദേശത്തോടുകൂടി കൈവശം വയ്ക്കുന്നതിനുള്ള ശിക്ഷ.
28. ചില സംഗതികളിൽ ആഗ്നേയായുധങ്ങളും വ്യാജ ആഗ്നേയായുധങ്ങളും ഉപയോഗിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നതിനുള്ള ശിക്ഷ.
29. ലൈസൻസ് ഇല്ലാത്ത ആളിൽനിന്ന് ആയുധങ്ങൾ മുതലായവ അറിഞ്ഞുകൊണ്ട് വിൽക്കുന്നതിനും വാങ്ങുന്നതിനും ആയുധങ്ങൾ മുതലായവ കൈവശം വയ്ക്കുന്നതിന് അവകാശമില്ലാത്ത ആൾക്ക് ഏല്പിച്ചുകൊടുക്കുന്നതിനും ഉള്ള ശിക്ഷ.

30. ലൈസൻസോ ചട്ടമോ ഉല്ലംഘിക്കുന്നതിനുള്ള ശിക്ഷ.
31. കുററങ്ങരം ആവർത്തിക്കുന്നതിനുള്ള ശിക്ഷ.
32. കണ്ടുകെട്ടാനുള്ള അധികാരം
33. കമ്പനികരം ചെയ്യുന്ന കുററങ്ങരം.

അദ്ധ്യായം VI
പലവക

34. ആയുധങ്ങരം പണ്ടകശാലകളിൽ സൂക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെൻറിൻെറ അനുമതി.
35. ചില സംഗതികളിൽ കെട്ടിട പരിസരങ്ങരം കൈവശം വയ്ക്കുന്ന ആളുകരംക്കുള്ള ശിക്ഷാർഹമായ ഉത്തരവാദിത്വം.
36. ചില കുററങ്ങരം സംബന്ധിച്ച് വിവരം നൽകേണ്ടതാണെന്ന്.
37. അറസ്ററും ശോധനകളും.
38. കുററങ്ങരം നടപടിക്കെടുക്കാവുന്നതാണെന്ന്.
39. ചില സംഗതികളിൽ ജില്ലാ മജിസ്ട്രേട്ടിൻെറ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണെന്ന്.
40. ഉത്തമവിശ്വാസത്തോടെ എടുത്ത നടപടിക്ക് സംരക്ഷണം.
41. ഒഴിവാക്കാനുള്ള അധികാരം,
42. ആഗ്നേയായുധങ്ങളുടെ കണക്കെടുക്കുന്നതിനുള്ള അധികാരം.
43. പ്രത്യായോജനം ചെയ്യുന്നതിനുള്ള അധികാരം.
44. ചട്ടങ്ങരം ഉണ്ടാക്കാനുള്ള അധികാരം.
45. ചില സംഗതികളിൽ ആക്ററ് ബാധകമാകുന്നതല്ല.
46. 1878-ലെ 11-ാം ആക്ററ് റദ്ദാക്കൽ.

# ആയുധങ്ങൾ ആക്ററ്, 1959

## (1959-ലെ 54-ാം ആക്ററ്)

1959 ഡിസംബർ 23.

ആയുധങ്ങളും വെടിക്കോപ്പും സംബന്ധിച്ച നിയമം സഞ്ചയിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമുള്ള ഒരു ആക്ററ്.

ഇൻഡ്യാ റിപ്പബ്ലിക്കിൻെറ പത്താം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

### അദ്ധ്യായം I

### പ്രാരംഭികം

1. (1) ഈ ആക്ററിന് ആയുധങ്ങൾ ആക്ററ്, 1959 എന്ന് പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും, പ്രാരംഭവും.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നു.

(3) ഇത്, കേന്ദ്ര ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. (1) ഈ ആക്ററിൽ സന്ദർഭം മററു പ്രകാരത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനങ്ങളും, വ്യാഖ്യാനവും.

(ക) 'ആർജ്ജിക്കൽ' എന്നതിൽ, അതിൻെറ വ്യാകരണസംബന്ധമായ രൂപഭേദങ്ങളോടും സജാതീയ പദപ്രയോഗങ്ങളോടുംകൂടി, വാടകയ്ക്ക് എടുക്കലോ, കടം വാങ്ങലോ അല്ലെങ്കിൽ ദാനമായി സ്വീകരിക്കലോ ഉൾപ്പെടുന്നതാകുന്നു ;

(ഖ) 'വെടിക്കോപ്പ്' എന്നാൽ ഏതെങ്കിലും ആഗ്നേയായുധത്തിനുള്ള വെടിക്കോപ്പ് എന്നർത്ഥമാകുന്നതും, അതിൽ—

(i) റോക്കററുകളും, ബോംബുകളും, ഏറുബോംബുകളും, ഷെല്ലുകളും, അതുപോലുള്ള മററ് ക്ഷേപണികളും ;

(ii) നൗകനാശക പ്രയോഗത്തിനും അന്തർവാഹിനി നശീകരണത്തിനും വേണ്ടി നിർമ്മിച്ചിട്ടുള്ള സാമഗ്രികളും ;

(iii) ആഗ്നേയായുധങ്ങളോടൊത്ത് ഉപയോഗിക്കാൻ കഴിയുന്നതോ അല്ലാത്തതോ ആയാലും, സ്പോടനാത്മകമോ, വെടിപൊട്ടുന്നതോ, ഭേദനാത്മകമോ ആയ സാധനങ്ങളോ വിഷദ്രാവകമോ വാതകമോ അങ്ങനെയുള്ള മററു സാധനമോ അടങ്ങിയതോ, അടക്കം ചെയ്യുന്നതിന് രൂപകല്പനം ചെയ്തതോ അല്ലെങ്കിൽ അനുയോജ്യമാക്കിയതോ ആയ മററു സാമഗ്രികളും ;

(iv) ആഗ്നേയായുധങ്ങളുടെ നിറകളും അങ്ങനെയുള്ള നിറകൾക്കുവേണ്ട ഉപസാധനങ്ങളും ;

(v) വെടിത്തിരികളും സംഘർഷനാളങ്ങളും ;

(vi) വെടിക്കോപ്പുകളുടെ ഭാഗങ്ങളും, അവ നിർമ്മിക്കുന്നതിനുള്ള യന്ത്രങ്ങളും ;

(vii) കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഇതിലേയ്ക്ക് വിനിർദ്ദേശിക്കാവുന്ന വെടിക്കോപ്പുകളുടെ ഘടകങ്ങളും ;

ഉൾപ്പെടുന്നതും ആകുന്നു.

(ഗ) 'ആയുധങ്ങൾ' എന്നാൽ ആക്രമണങ്ങൾക്കോ പ്രതിരോധത്തിനോ ഉള്ള ആയുധങ്ങളായി രൂപകല്പനം ചെയ്തതോ അനുയോജ്യമാക്കിയതോ ആയ ഏതെങ്കിലും തരത്തിൽപ്പെട്ട സാധനങ്ങൾ എന്നർത്ഥമാകുന്നതും, അതിൽ ആഗ്നേയായുധങ്ങളും കൂർത്ത്മൂർത്ത ആയുധങ്ങളും മററ് മാരകായുധങ്ങളും, ആയുധഭാഗങ്ങളും ആയുധങ്ങൾ നിർമ്മിക്കുന്നതിനുള്ള യന്ത്രങ്ങളും ഉൾപ്പെടുന്നതും, എന്നാൽ അതിൽ, ലാത്തിയോ അല്ലെങ്കിൽ ഒരു സാധാരണ ഊന്നുവടിയോ, കളിക്കോപ്പുകളായല്ലാതെ മററു വിധത്തിൽ ഉപയോഗിക്കാനോ അല്ലെങ്കിൽ ഉപയോഗയോഗ്യമായ ആയുധങ്ങളായി മാററാനോ സാധിക്കാത്തതും ആയ ആയുധങ്ങൾ പോലുള്ള ഗാർഹികമോ അല്ലെങ്കിൽ കാർഷികമോ ആയ ഉപയോഗങ്ങൾക്കുമാത്രമായി രൂപകല്പനം ചെയ്തിട്ടുള്ള സാധനങ്ങൾ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു ;

(ഘ) 'ജില്ലാ മജിസ്ട്രേട്ട്' എന്നാൽ ഒരു പോലീസ് കമ്മീഷണറെ നിയമിച്ചിട്ടുള്ള ഏതെങ്കിലും പ്രദേശം സംബന്ധിച്ച്, ആ പ്രദേശത്തെ പോലീസ് കമ്മീഷണർ എന്നർത്ഥമാകുന്നതും അതിൽ, അങ്ങനെയുള്ള പ്രദേശമോ അതിൻെറ ഭാഗമോ സംബന്ധിച്ച് ഈ ആവശ്യത്തിന് സ്റേററ് ഗവൺമെൻറ് വിനിർദ്ദേശിക്കാവുന്ന മുഴുവൻ പ്രദേശത്തോ അല്ലെങ്കിൽ അതിൻെറ ഏതെങ്കിലും ഭാഗത്തോ അധികാരിത പ്രയോഗിക്കുന്ന ഏതെങ്കിലും ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഉൾപ്പെടുന്നതും ആകുന്നു.

(ങ) 'ആഗ്നേയായുധങ്ങൾ' എന്നാൽ ഏതെങ്കിലും സ്ഫോടനാത്മകമോ അല്ലെങ്കിൽ മററുവിധത്തിലുള്ളതോ ആയ ഊർജ്ജ പ്രവർത്തനത്താൽ ഒരു ക്ഷിപണിയോ ഏതെങ്കിലും തരത്തിലുള്ള ക്ഷിപണികളോ വിക്ഷേപിക്കുന്നതിനായി രൂപകല്പനം ചെയ്തിട്ടുള്ളതോ അനുയോജ്യമാക്കിയിട്ടുള്ളതോ ആയ ഏതെങ്കിലും തരത്തിലുള്ള ആയുധങ്ങൾ എന്നർത്ഥമാകുന്നതും, അതിൽ,—

(i) പീരങ്കികളോ, കൈബോംബുകളോ, ലഹള കൈത്തോക്കോ, അല്ലെങ്കിൽ ഏതെങ്കിലും വിഷദ്രാവകമോ വാതകമോ അങ്ങനെയുള്ള മററു സാധനമോ നിറയൊഴിക്കുന്നതിന് രൂപകല്പനം ചെയ്തതോ അല്ലെങ്കിൽ അനുയോജ്യമാക്കിയതോ ആയ ഏതെങ്കിലും തരത്തിലുള്ള ആയുധങ്ങളോ ; അവയും ;

(ii) അങ്ങനെയുള്ള ഏതെങ്കിലും ആഗ്നേയായുധത്തിൽ വെടിവയ്ക്കുമ്പോഴുണ്ടാകുന്ന ശബ്ദമോ ക്ഷണപ്രഭയോ കുറയ്ക്കുന്നതിന് രൂപകല്പനം ചെയ്തതോ അനുയോജ്യമാക്കിയിട്ടുള്ളതോ ആയ ഉപസാധനങ്ങളും ;

(iii) ആഗ്നേയായുധങ്ങളുടെ ഭാഗങ്ങളും അവ നിർമ്മിക്കുന്നതിനുള്ള യന്ത്രങ്ങളും ;

(iv) പീരങ്കികൾ കയററുന്നതിനും പരിവഹനം ചെയ്യുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ഉള്ള വാഹനങ്ങളും, വേദികളും ഉപകരണങ്ങളും ;

ഉൾപ്പെടുന്നതുമാകുന്നു.

(ച) "ലൈസൻസിങ് അധികാരസ്ഥാനം" എന്നാൽ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കുകീഴിൽ ലൈസൻസുകൾ നൽകുന്നതിനോ പുതുക്കുന്നതിനോ അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അധികാര സ്ഥാനമോ എന്നർത്ഥമാകുന്നതും അതിൽ ഗവൺമെൻറ് ഉൾപ്പെടുന്നതുമാകുന്നു ;

(ഛ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ജ) "നിരോധിത വെടിക്കോപ്പ്" എന്നാൽ ഏതെങ്കിലും വിഷദ്രാവകമോ, വാതകമോ അല്ലെങ്കിൽ അങ്ങനെയുള്ള മററ് സാധനമോ അടങ്ങിയതോ അല്ലെങ്കിൽ അടക്കം ചെയ്യുന്നതിന് രൂപകല്പനം ചെയ്തതോ അനുയോജ്യമാക്കിയിട്ടുള്ളതോ ആയ ഏതെങ്കിലും വെടിക്കോപ്പ് എന്നർത്ഥമാകുന്നതും, അതിൽ റോക്കററുകളും, ബോംബുകളും ഏറുബോംബുകളുംഷെല്ലുകളും, നൗകനാശ പ്രവർത്തനത്തിനും അന്തർവാഹിനി നശീകരണത്തിനുംവേണ്ടി രൂപകല്പനം ചെയ്തിട്ടുള്ള സാധനങ്ങളും, കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിരോധിത വെടിക്കോപ്പുകളുമായി വിനിർദ്ദേശിക്കാവുന്ന മററ് സാധനങ്ങളും ഉൾപ്പെടുന്നതും ആകുന്നു.

(ഝ) 'നിരോധിത ആയുധങ്ങൾ' എന്നാൽ—

(i) കാഞ്ചിയിൽ മർദ്ദം പ്രയോഗിക്കുകയാണെങ്കിൽ, കാഞ്ചിയിൽനിന്ന് മർദ്ദം മാററുകയോ ക്ഷേപണികൾ അടക്കംചെയ്തിട്ടുള്ള അറ ശൂന്യമാകുകയോ ചെയ്യുന്നതുവരെ ക്ഷേപണികളുടെ വിക്ഷേപണം തുടർന്നുകൊണ്ടിരിക്കത്തക്ക വിധത്തിൽ കല്പനം ചെയ്തതോ അനുയോജ്യമാക്കിയതോ ആയ ആഗ്നേയായുധങ്ങളോ,

(ii) ഏതെങ്കിലും ദ്രാവകമോ വാതകമോ അല്ലെങ്കിൽ അങ്ങനെയുള്ള മററ് സാധനമോ വിക്ഷേപിക്കുന്നതിന് കല്പനം ചെയ്തതോ അനുയോജ്യമാക്കിയതോ ആയ ഏതെങ്കിലും തരത്തിലുള്ള ആയുധങ്ങളോ എന്നർത്ഥമാകുന്നതും, അതിൽ

പീരങ്കികളും, വിമാനനാശിനിയും തോക്കുകളും ടാങ്ക് നാശക ആഗ്നേയായുധങ്ങളും കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിരോധിത ആയുധങ്ങളായി വിനിർദ്ദേശിക്കാവുന്ന മററ് ആയുധങ്ങളും ഉൾപ്പെടുന്നതും ആകുന്നു ;

(ഞ) 'പബ്ലിക് സർവ്വൻറി'ന് ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 21-ാം വകുപ്പിലെ അതേ അർത്ഥമുണ്ടായിരിക്കുന്നതാണ്;

(ട) "കൈമാററത്തി"ൽ വ്യാകരണ സംബന്ധമായ അതിൻെറ വ്യത്യാസങ്ങളോടും സജാതീയപദപ്രയോഗങ്ങളോടുംകൂടി, വാടകയ്ക്ക് കൊടുക്കുന്നതും വായ്പ കൊടുക്കുന്നതും, കൈവശം നൽകുന്നതും വിട്ടുകൊടുക്കുന്നതും, ഉൾപ്പെടുന്നതാകുന്നു.

(2) ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക്, ഒരു ആഗ്നേയായുധത്തിൻെറ കുഴലിൻെറ നീളം അതിൻെറ അഗ്രം മുതൽ വെടിവയ്ക്കുമ്പോൾ വെടിമരുന്നു പൊട്ടുന്ന ബിന്ദുവരെ അളക്കേണ്ടതാണ്.

(3) ഏതെങ്കിലും പ്രദേശത്ത് പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും നിയമം സംബന്ധിച്ച്, ഈ ആക്ററിലുള്ള ഏതെങ്കിലും പരാമർശത്തിന്, ആ പ്രദേശം സംബന്ധിച്ച്, ആ പ്രദേശത്ത് പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമം വല്ലതുമുണ്ടെങ്കിൽ ആ നിയമം സംബന്ധിച്ച ഒരു പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

(4) ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ അധികാരസ്ഥാനത്തേയോ സംബന്ധിച്ച്, ഈ ആക്ററിലുള്ള ഏതെങ്കിലും പരാമർശത്തിന് അതേ ഉദ്യോഗപ്പേരോടുകൂടിയ യാതൊരു ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ഇല്ലാത്ത ഏതെങ്കിലും പ്രദേശം സംബന്ധിച്ച്, കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദിഷ്ടമാക്കാവുന്ന ഉദ്യോഗസ്ഥനേയോ അധികാരസ്ഥാനത്തേയോ സംബന്ധിച്ച പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാകുന്നു.

അദ്ധ്യായം II

## ആയുധങ്ങളുടേയും വെടിക്കോപ്പുകളുടേയും ആർജ്ജനവും, കൈവശവും, നിർമ്മാണവും, വിൽപ്പനയും, ഇറക്കുമതിയും, കയററുമതിയും, പരിവഹനവും

ആഗ്നേയായുധങ്ങളും വെടിക്കോപ്പും ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നതിനുള്ള ലൈസൻസ്.

3. യാതൊരാളും, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകരംക്കനുസൃതമായി ഇതിലേയ്ക്ക് നൽകിയ ഇതിലേയ്ക്കുള്ള ഒരു ലൈസൻസ് അയാളുടെ കൈവശമില്ലാത്തപക്ഷം, ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ ആർജ്ജിക്കുകയോ അയാളുടെ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ കൊണ്ടുനടക്കുകയോ ചെയ്യാൻ പാടുള്ളതല്ല :

എന്നാൽ ഒരാരംക്ക്, സ്വയം ഒരു ലൈസൻസ് കൈവശം വയ്ക്കാതെ, ലൈസൻസ് കൈവശക്കാരന്റെ സാന്നിദ്ധ്യത്തിലോ അല്ലെങ്കിൽ അയാളുടെ ലിഖിതമായ പ്രാധികാരത്തിൻ കീഴിലോ, കേടുപാടു തീർക്കുന്നതിനോ അല്ലെങ്കിൽ ലൈസൻസ് പുതുക്കുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള കൈവശക്കാരന്റെ ഉപയോഗത്തിനോ ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ വഹിച്ചുകൊണ്ട് പോകാവുന്നതാണ്.

ചില സംഗതികളിൽ വിനിർദ്ദിഷ്ട തരത്തിലുള്ള ആയുധങ്ങരം ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള ലൈസൻസ്.

4. ഏതെങ്കിലും പ്രദേശത്ത് നിലവിലുള്ള പരിതഃസ്ഥിതികരം പരിഗണിച്ച്, ആഗ്നേയായുധങ്ങരം അല്ലാത്ത മററ് ആയുധങ്ങളുടെ ആർജ്ജനവും കൈവശം വയ്ക്കലും കൊണ്ടുനടപ്പുംകൂടി ക്രമപ്പെടുത്തേണ്ടത് പൊതുതാൽപ്പര്യത്തിൽ ആവശ്യകമോ സമീചീനമോ ആണെന്ന് കേന്ദ്ര ഗവൺമെൻറിന് അഭിപ്രായമുണ്ടെങ്കിൽ, അതിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന പ്രദേശത്തിന് ഈ വകുപ്പ് ബാധകമാകുമെന്ന് നിദേശിക്കാവുന്നതും, അപ്പോരം യാതൊരാളും, ആ പ്രദേശത്ത് ഈ ആക്ററിലേയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകരംക്ക് അനുസൃതമായി, ഇതിലേയ്ക്ക് നൽകിയ ഒരു ലൈസൻസ് അയാരം കൈവശം വയ്ക്കാത്തപക്ഷം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന വിഭാഗത്തിലോ തരത്തിലോ ഉള്ള ആയുധങ്ങരം ആർജ്ജിക്കുകയോ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ കൊണ്ടുനടക്കുകയോ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

ആയുധങ്ങളുടേയും വെടിക്കോപ്പുകളുടേയും നിർമ്മാണം, വിൽപ്പന, മുതലായവയ്ക്കുള്ള ലൈസൻസ്.

5. യാതൊരാളും,

ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകരംക്കനുസൃതമായി ഇതിലേയ്ക്ക് നൽകിയ ഒരു ലൈസൻസ് അയാരം കൈവശം വയ്ക്കാത്തപക്ഷം ഏതെങ്കിലും ആഗ്നേയായുധമോ, നിർണ്ണയിക്കപ്പെടാവുന്ന വിഭാഗത്തിലോ തരത്തിലോ ഉള്ള മററ് ഏതെങ്കിലും ആയുധങ്ങളോ, അല്ലെങ്കിൽ ഏതെങ്കിലും വെടിക്കോപ്പോ—

(ക) നിർമ്മിക്കുകയോ, വിൽക്കുകയോ, കൈമാററം ചെയ്യുകയോ, പരിവർത്തനം ചെയ്യുകയോ കേടുപാടു തീർക്കുകയോ, പരിശോധിക്കുകയോ തെളിയിക്കുകയോ, അല്ലെങ്കിൽ

(ഖ) വിൽപ്പനയ്ക്കോ കൈമാററത്തിനോ പ്രദർശിപ്പിക്കുകയോ വയ്ക്കുകയോ അല്ലെങ്കിൽ വിൽപ്പനയ്ക്കോ കൈമാററം ചെയ്യുന്നതിനോ പരിവർത്തനത്തിനോ കേടുപാടു തീർക്കുന്നതിനോ പരിശോധിക്കുന്നതിനോ തെളിയിക്കുന്നതിനോവേണ്ടി അയാളുടെ കൈവശം വയ്ക്കുകയോ, ചെയ്യാൻ പാടില്ല :

എന്നാൽ ഒരാരംക്ക്, ഇതിലേയ്ക്കുള്ള ഒരു ലൈസൻസ് കൈവശം വയ്ക്കാതെ, തന്റെ സ്വകാര്യ ഉപയോഗത്തിന് അയാരം നിയമാനുസരണം കൈവശം വയ്ക്കുന്ന ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ, ഈ ആക്ററിന്റെയോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്തിന്റെയോ ബലത്തിൽ അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോ തന്റെ കൈവശം വയ്ക്കുന്നതിന് അവകാശമുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോ തന്റെ കൈവശം വയ്ക്കുന്നതിൽ നിന്ന് ഈ ആക്ററിനാലോ അങ്ങനെയുള്ള മററ് നിയമത്താലോ നിരോധിക്കപ്പെട്ടിട്ടില്ലാത്തതോ ആയ മററൊരാരംക്ക് വിൽക്കുകയോ അല്ലെങ്കിൽ കൈമാററം ചെയ്യുകയോ ചെയ്യാവുന്നതാണ്; എന്നാൽ 3-ാം വകുപ്പിൻകീഴിൽ ഒരു ലൈസൻസ് ആവശ്യമുള്ള ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ അല്ലെങ്കിൽ 4-ാം വകുപ്പിൻകീഴിൽ ഒരു ലൈസൻസ് ആവശ്യമുള്ള ഏതെങ്കിലും ആയുധങ്ങളോ വിൽക്കുകയോ അല്ലെങ്കിൽ കൈമാററം ചെയ്യുകയോ ചെയ്ത ആരം വിൽപ്പനയ്ക്കോ അല്ലെങ്കിൽ കൈമാററത്തിനോ ശേഷം ഉടനടി, അധികാരിതയുള്ള ജില്ലാ മജിസ്ട്രേട്ടിനേയോ അല്ലെങ്കിൽ ഏററവും അടുത്തുള്ള പോലീസ് സ്റേറഷന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനേയോ അങ്ങനെയുള്ള വിൽപ്പനയേയോ കൈമാററത്തേയോ സംബന്ധിച്ചും, ആഗ്നേയായുധമോ, വെടിക്കോപ്പോ, അല്ലെങ്കിൽ മററ് ആയുധങ്ങളോ ഏതൊരാരംക്കാണോ വിൽക്കുകയോ കൈമാററം ചെയ്യുകയോ ചെയ്യപ്പെടുകയോ ചെയ്തത്, ആ ആളിന്റെ പേരും മേൽവിലാസവും സംബന്ധിച്ചും ലിഖിതമായി അറിയിക്കേണ്ടതാണ്.

**തോക്കുകളുടെ നീളംകുറയ്ക്കുന്നതിനോ, അല്ലെങ്കിൽ വ്യാജ ആഗ്നേയായുധങ്ങളെ ആഗ്നേയായുധങ്ങളായി മാററുന്നതിനോ ഉള്ള ലൈസൻസ്.**

6. യാതൊരാളും ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി ഇതിലേയ്ക്കു നൽകിയ ഒരു ലൈസൻസ് അയാൾക്ക് കൈവശമില്ലാത്തപക്ഷം ഒരു ആഗ്നേയായുധ കുഴലിൻെറ നീളം കുറയ്ക്കുകയോ അല്ലെങ്കിൽ ഒരു വ്യാജ ആഗ്നേയായുധത്തെ ആഗ്നേയായുധമായി മാററുകയോ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം—ഈ വകുപ്പിൽ 'വ്യാജ ആഗ്നേയായുധങ്ങൾ' എന്ന പദപ്രയോഗത്തിന്, അതിന് ഏതെങ്കിലും വെടിയോ വെടിയുണ്ടയോ മററ് ക്ഷേപണിയോ വിക്ഷേപിക്കുന്നതിനുള്ള കഴിവ് ഉണ്ടെങ്കിലും ഇല്ലെങ്കിലും, ഒരു ആഗ്നേയായുധത്തിൻെറ ആകൃതി ഉള്ള എന്തെങ്കിലും എന്നർത്ഥമാകുന്നു.

**നിരോധിത ആയുധങ്ങളുടേയോ നിരോധിത വെടിക്കോപ്പുകളുടേയോ ആർജ്ജനത്തിനും, കൈവശത്തനും നിർമ്മാണത്തിനും വിൽപ്പനയ്ക്കുമുള്ള നിരോധനം.**

7. യാതൊരാളും, കേന്ദ്ര ഗവൺമെൻറ് അയാളെ ഇതിലേയ്ക്ക് പ്രത്യേകം പ്രാധികാരപ്പെടുത്താത്തപക്ഷം, ഏതെങ്കിലും നിരോധിത ആയുധങ്ങളോ അല്ലെങ്കിൽ നിരോധിത വെടിക്കോപ്പുകളോ—

(ക) ആർജ്ജിക്കുകയോ, അയാളുടെ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ കൊണ്ടുനടക്കുകയോ, അല്ലെങ്കിൽ;

(ഖ) നിർമ്മിക്കുകയോ, വിൽക്കുകയോ, കൈമാററം ചെയ്യുകയോ, പരിവർത്തനം ചെയ്യുകയോ, കേടുപാടു തീർക്കുകയോ, പരിശോധിക്കുകയോ അല്ലെങ്കിൽ തെളിയിക്കുകയോ ; അല്ലെങ്കിൽ

(ഗ) വിൽപ്പനയ്ക്കോ, കൈമാററത്തിനോ പ്രദർശിപ്പിക്കുകയോ, വയ്ക്കുകയോ, അല്ലെങ്കിൽ വിൽപ്പനയ്ക്കോ കൈമാററം ചെയ്യുന്നതിനോ പരിവർത്തനത്തിനോ, കേടുപാടു തീർക്കുന്നതിനോ, പരിശോധിക്കുന്നതിനോ തെളിയിക്കുന്നതിനോ വേണ്ടി അയാളുടെ കൈവശം വയ്ക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

**തിരിച്ചറിയാനുള്ള അടയാളങ്ങൾ ഇല്ലാത്ത ആഗ്നേയായുധങ്ങളുടെ വിൽപ്പനയോ കൈമാററമോ നിരോധിക്കൽ.**

8. (1) യാതൊരാളും, ഒരു ആഗ്നേയായുധത്തിൽ പതിച്ചിട്ടുള്ളതോ അല്ലെങ്കിൽ മററു വിധത്തിൽ കാണിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും പേരോ നമ്പരോ, തിരിച്ചറിയാനുള്ള മററ് അടയാളമോ, മാച്ചുകളയുകയോ നീക്കംചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ അല്ലെങ്കിൽ വ്യാജമായി ചേർക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) യാതൊരാളും, ഉണ്ടാക്കുന്ന ആളിൻെറ പേരോ, നിർമ്മാതാവിൻെറ നമ്പരോ, തിരിച്ചറിയാനുള്ള മററ് അടയാളമോ, കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള രീതിയിൽ പതിക്കുകയോ മററു വിധത്തിൽ കാണിക്കുകയോ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും ആഗ്നേയായുധം വിൽക്കുകയോ കൈമാററം ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(3) അങ്ങനെയുള്ള പേരോ, നമ്പരോ തിരിച്ചറിയാനുള്ള മററു അടയാളമോ ഇല്ലാത്തതോ അല്ലെങ്കിൽ അങ്ങനെയുള്ള പേരോ നമ്പരോ തിരിച്ചറിയാനുള്ള മററ് അടയാളമോ മാച്ചുകളഞ്ഞിട്ടുള്ളതോ നീക്കംചെയ്തിട്ടുള്ളതോ വ്യത്യാസപ്പെടുത്തിയിട്ടുള്ളതോ വ്യാജമായി ചേർത്തിട്ടുള്ളതോ ആയ ഏതെങ്കിലും ആഗ്നേയായുധം ഏതെങ്കിലും ആളുടെ കൈവശമുണ്ടായിരിക്കുമ്പോഴെല്ലാം, വിപരീതമായി തെളിയിക്കാത്തപക്ഷം, അയാൾ ആ പേരോ നമ്പരോ തിരിച്ചറിയാനുള്ള മററ് അടയാളമോ മാച്ചുകളയുകയോ, നീക്കംചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ അല്ലെങ്കിൽ വ്യാജമായി ചേർക്കുകയോ ചെയ്തതായി അനുമാനിക്കുന്നതാണ്:

എന്നാൽ ഈ ആക്ററിൻെറ പ്രാരംഭത്തിൽ, അങ്ങനെയുള്ള പേരോ, നമ്പരോ തിരിച്ചറിയാനുള്ള മററ് അടയാളമോ അതിൻമേൽ പതിക്കുകയോ മററു വിധത്തിൽ കാണിക്കുകയോ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും ആഗ്നേയായുധം കൈവശം ഉള്ള ഒരാളെ സംബന്ധിച്ച്, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ, അങ്ങനെയുള്ള പ്രാരംഭം മുതൽ ഒരു വർഷം കഴിയുന്നതുവരെ പ്രാബല്യത്തിൽ വരുന്നതല്ലാത്തതാകുന്നു.

**ചെറുപ്രായക്കാരും മററു ചില ആളുകളും ആഗ്നേയായുധങ്ങൾ മുതലായവ ആർജ്ജിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നതിനോ അവ അവർക്കു വിൽക്കുന്നതിനോ കൈമാററം ചെയ്യുന്നതിനോ ഉള്ള നിരോധനം.**

9. (1) ഈ ആക്ററിലെ മേൽപ്പറഞ്ഞ വ്യവസ്ഥകൾ എന്തുതന്നെയായാലും,—

(ക) (i) പതിനാറ് വയസ്സ് പൂർത്തിയായിട്ടില്ലാത്തതോ, അല്ലെങ്കിൽ

(ii) അക്രമമോ സാൻമാർഗ്ഗികാധഃപതനമോ ഉൾക്കൊള്ളുന്ന ഏതെങ്കിലും കുററത്തിന് കുററം സ്ഥാപിച്ച് ആറു മാസത്തിൽ കുറയാത്ത ഒരു കാലത്തേയ്ക്ക് തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടിട്ടുള്ള യാതൊരാളുമോ ശിക്ഷാവിധി അവസാനിച്ചതിനുശേഷമുള്ള അഞ്ചു വർഷത്തിനകം ഏതെങ്കിലും സമയത്തോ—

(iii) ഏതാൾക്കാണോ ക്രിമിനൽ നടപടി നിയമസംഹിത 1898 (1898-ലെ 5) VIII-ാം അദ്ധ്യായത്തിൻകീഴിൽ സമാധാനം പാലിക്കുന്നതിനോ അല്ലെങ്കിൽ നല്ലനടത്തയ്ക്കോ ഉള്ള ഒരു പ്രതിജ്ഞാപത്രം ഒപ്പിട്ടു പൂർത്തീകരിക്കാൻ ഉത്തരവ് കൊടുത്തിട്ടുള്ളത്, അങ്ങനെയുള്ള യാതൊരാളുമോ ബോണ്ടിൻെറ കാലാവധിയ്ക്കിടയിൽ ഏതെങ്കിലും സമയത്തോ,

ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ ആർജ്ജിക്കുകയോ, കൈവശം വയ്ക്കുകയോ അല്ലെങ്കിൽ കൊണ്ടുനടക്കുകയോ ചെയ്യാൻ പാടില്ല.

(ഖ) യാതൊരാളും,—

(i) ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ, ആർജ്ജിക്കുന്നതിൽ നിന്നോ തൻെറ കൈവശം വയ്ക്കുന്നതിൽ നിന്നോ അല്ലെങ്കിൽ കൊണ്ടുനടക്കുന്നതിൽ നിന്നോ (ക) ഖണ്ഡത്തിൻകീഴിൽ നിരോധിക്കപ്പെട്ടിട്ടുണ്ടെന്നോ, അല്ലെങ്കിൽ

(ii) അങ്ങനെയുള്ള വിൽപ്പനയുടെയോ കൈമാററത്തിൻെറയോ അല്ലെങ്കിൽ അങ്ങനെയുള്ള പരിവർത്തനത്തിൻെറയോ, കേടുപാട് തീർക്കലിൻെറയോ പരിശോധനയുടെയോ അല്ലെങ്കിൽ തെളിയിക്കലിൻെറയോ സമയത്ത് ചിത്തഭ്രമമുണ്ടായിരുന്നെന്നോ

അയാൾ അറിയുന്നതോ അല്ലെങ്കിൽ വിശ്വസിക്കാൻ കാരണമുള്ളതോ ആയ മററു ഏതെങ്കിലും ആളിന് ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ വിൽക്കുകയോ കൈമാററം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ അവർക്കുവേണ്ടി പരിവർത്തനം ചെയ്യുകയോ കേടുപാടു തീർക്കുകയോ പരിശോധിക്കുകയോ തെളിയിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് (ക) ഖണ്ഡം, (1)-ാം ഉപഖണ്ഡത്തിൽ എന്തുതന്നെയായിരുന്നാലും നിർണ്ണയിക്കപ്പെടുന്ന പ്രായപരിധി എത്തിയ ഒരാളിന്, നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകളിൻകീഴിൽ അങ്ങനെയുള്ള ആഗ്നേയായുധങ്ങളുടെ പ്രയോഗത്തിലുള്ള അയാളുടെ പരിശീലനത്തിനിടയിൽ നിർണ്ണയിക്കപ്പെടാവുന്ന ആഗ്നേയായുധങ്ങൾ ഉപയോഗിക്കാവുന്നതാണ് :

എന്നാൽ വ്യത്യസ്ഥ മാതൃകകളിലുള്ള ആഗ്നേയായുധങ്ങൾ സംബന്ധിച്ച വ്യത്യസ്ഥ പ്രായപരിധികൾ നിർണ്ണയിക്കാവുന്നതാണ്.

**ആയുധങ്ങൾ മുതലായവയുടെ ഇറക്കുമതിക്കും കയററുമതിക്കുമുള്ള ലൈസൻസ്.**

10. (1) യാതൊരാളും, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി ഇതിലേയ്ക്കു നൽകിയിട്ടുള്ള ഒരു ലൈസൻസ് അയാൾ കൈവശം വയ്ക്കാത്തപക്ഷം, കടൽമാർഗ്ഗമോ കരമാർഗ്ഗമോ അല്ലെങ്കിൽ വായുമാർഗ്ഗമോ ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ, ഇൻഡ്യയിലേയ്ക്കു കൊണ്ടുവരികയോ അല്ലെങ്കിൽ ഇൻഡ്യയ്ക്കു പുറത്തു കൊണ്ടുപോകുകയോ ചെയ്യാൻ പാടുള്ളതല്ല.

എന്നാൽ—

(ക) ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ തൻെറ കൈവശം വയ്ക്കുന്നതിന്, ഈ ആക്ററിൻെറയോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്തിൻെറയോ ബലത്തിൽ അവകാശമുള്ളതോ, അല്ലെങ്കിൽ കൈവശം വയ്ക്കുന്നതിൽനിന്നും, ഈ ആക്ററോ അങ്ങനെയുള്ള മററ് നിയമമോ നിരോധിച്ചിട്ടില്ലാത്തതോ ആയ ഒരാൾക്ക് ഇതിലേക്ക് ഒരു ലൈസൻസ് ഇല്ലാതെ തൻെറ സ്വകാര്യഉപയോഗത്തിന് ന്യായമായ അളവിൽ അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോ ഇൻഡ്യയിലേയ്ക്ക് കൊണ്ടുവരികയോ അല്ലെങ്കിൽ ഇൻഡ്യയ്ക്ക് പുറത്തു കൊണ്ടുപോകുകയോ ചെയ്യാവുന്നതാണ് ;

(ഖ) കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കാവുന്ന ഏതെങ്കിലും രാജ്യത്തിലുള്ള യഥാർത്ഥ വിനോദസഞ്ചാരിയും ആ രാജ്യത്തെ നിയമം ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ തൻെറ കൈവശം വയ്ക്കുന്നതിൽ നിന്നും നിരോധിച്ചിട്ടില്ലാത്തതുമായ ഒരാളിന്, ഈ വകുപ്പിൻെറ കീഴിലുള്ള ഒരു ലൈസൻസ് ഇല്ലാതെ, എന്നാൽ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾ അനുസരിച്ച് വിനോദത്തിനുമാത്രമായും മററ് യാതൊരു ആവശ്യത്തിനല്ലാതെയും, അയാൾക്ക് ഉപയോഗിക്കുന്നതിന് ന്യായമായ അളവിലുള്ള ആയുധങ്ങളും വെടിക്കോപ്പും അയാൾക്ക് ഇൻഡ്യയിലേയ്ക്ക് കൊണ്ടുവരാവുന്നതാണ്.

വിശദീകരണം.—ഈ പരിമിതി വ്യവസ്ഥയുടെ (ഖ) ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക് ''വിനോദ സഞ്ചാരി'' എന്ന വാക്കിന്, വിനോദത്തിനോ കാഴ്ചകൾ കാണുന്നതിനോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻറ് വിളിച്ചു കൂട്ടുന്ന യോഗങ്ങളിലോ അല്ലെങ്കിൽ അന്താരാഷ്ട്ര സമ്മേളനങ്ങളിലോ സമാജങ്ങളിലോ മററ് നികായങ്ങളിലോ ഒരു പ്രതിനിധിയെന്ന നിലയിൽ പങ്കെടുക്കുകയോ അല്ലാതെ മററു യാതൊരു ലക്ഷ്യവുമില്ലാതെ ആറു മാസത്തിൽ കവിയാത്ത കാലത്തേയ്ക്ക് ഇൻഡ്യ സന്ദർശിക്കുന്ന ഇൻഡ്യയിലെ ഒരു പൗരനല്ലാത്ത ഒരാൾ എന്നർത്ഥമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻെറ പരിമിതി വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ പരിമിതി വ്യവസ്ഥയിലെ (ക) ഖണ്ഡമോ (ഖ) ഖണ്ഡമോ തനിക്ക് ബാധകമാണെന്ന് അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്ക് അങ്ങനെയുള്ള ഖണ്ഡം ബാധകമാണോ എന്നത് സംബന്ധിച്ചോ, അല്ലെങ്കിൽ അങ്ങനെയുള്ള ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആളുടെ കൈവശത്തിലുള്ള ആയുധങ്ങളുടെയോ വെടിക്കോപ്പിൻെറയോ അളവിൻെറ ഔചിത്യം സംബന്ധിച്ചോ അല്ലെങ്കിൽ അങ്ങനെയുള്ള ആൾ അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോ ഉപയോഗപ്പെടുത്താവുന്നതു സംബന്ധിച്ചോ കസ്ററംസ് കളക്ടർക്കോ കേന്ദ്ര ഗവൺമെൻറ് ഇതിലേയ്ക്ക് അധികാരപ്പെടുത്തിയ മററ് ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും സംശയമുള്ളിടത്ത് അത് സംബന്ധിച്ച കേന്ദ്രഗവൺമെൻറിൻെറ ഉത്തരവുകൾ തനിക്ക് കിട്ടുന്നതുവരെ അങ്ങനെയുള്ള ആളിൻെറ കൈവശത്തിലുള്ള ആയുധങ്ങളോ വെടിക്കോപ്പുകളോ തടഞ്ഞു വയ്ക്കാവുന്നതാണ്.

(3) ഇൻഡ്യയുടെ ഒരു ഭാഗത്തുനിന്ന് മറെറാരു ഭാഗത്തേയ്ക്ക് കടൽമാർഗ്ഗമോ വായുമാർഗ്ഗമോ അല്ലെങ്കിൽ ഇൻഡ്യയുടെ ഒരു ഭാഗമല്ലാത്ത ഏതെങ്കിലും ഇടയ്ക്കുള്ള രാജ്യക്ഷേത്രത്തിൽ കൂടിയോ കൊണ്ടുപോയിട്ടുള്ള ആയുധങ്ങളും വെടിക്കോപ്പും ഈ വകുപ്പിൻെറ അർത്ഥത്തിൽ ഇൻഡ്യയിൽ നിന്നും പുറത്തേക്ക് കൊണ്ടുപോയതും ഇൻഡ്യയിലേയ്ക്ക് കൊണ്ടുവന്നതും ആകുന്നു.

**ആയുധങ്ങൾ മുതലായവയുടെ ഇറക്കുമതിയോ കയററുമതിയോ നിരോധിക്കാനുള്ള അധികാരം**

11. കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ഇനങ്ങളിലും തരത്തിലുമുള്ള ആയുധങ്ങളോ വെടിക്കോപ്പോ ഇൻഡ്യയ്ക്ക് കൊണ്ടുവരുന്നതോ അല്ലെങ്കിൽ ഇൻഡ്യയിൽ നിന്ന് പുറത്തു കൊണ്ടുപോകുന്നതോ നിരോധിക്കാവുന്നതാണ്.

**ആയുധങ്ങളുടെ പരിവഹണം നിയന്ത്രിക്കുന്നതിനോ നിരോധിക്കുന്നതിനോ ഉള്ള അധികാരം.**

12. (1) കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി,—

(ക) യാതൊരാളും, ഈ ആക്ററിലേയും അതിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി ഇതിലേയ്ക്ക് നൽകിയിട്ടുള്ള ഒരു ലൈസൻസ് അയാൾക്ക് കൈവശമില്ലാത്തപക്ഷം ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ഇനങ്ങളിലും തരങ്ങളിലുമുള്ള ആയുധങ്ങളോ വെടിക്കോപ്പോ ഇൻഡ്യയ്ക്ക് മുകളിൽ കൂടിയോ അതിൻെറ ഏതെങ്കിലും ഭാഗത്തു കൂടിയോ പരിവഹണം ചെയ്യാൻ പാടുള്ളതല്ലെന്ന് നിർദ്ദേശിക്കുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള പരിവഹണം പൂർണ്ണമായും നിരോധിക്കുകയോ;

ചെയ്യാവുന്നതാണ്.

(2) ഇൻഡ്യയിലെ ഒരു തുറമുഖത്തിലോ അല്ലെങ്കിൽ വിമാനത്താവളത്തിലോ വച്ച് മറെറാരു വാഹനത്തിൽ കയററിയ ആയുധങ്ങളോ അല്ലെങ്കിൽ വെടിക്കോപ്പോ ഈ വകുപ്പിൻെറ അർത്ഥത്തിൽ പരിവഹനം ചെയ്യപ്പെട്ടവയാണ്.

## അദ്ധ്യായം III

## ലൈസൻസുകൾ സംബന്ധിച്ച വ്യവസ്ഥകൾ

**ലൈസൻസുകൾ നൽകൽ.**

13. (1) II-ാം അദ്ധ്യായത്തിൻകീഴിൽ ഒരു ലൈസൻസ് നൽകുന്നതിന് ഒരു അപേക്ഷ ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന് കൊടുക്കേണ്ടതും, അത് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലായിരിക്കേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതും അങ്ങനെയുള്ള ഫീസ് ഉണ്ടെങ്കിൽ അതോടൊപ്പം അയക്കേണ്ടതും ആണ്.

(2) അപേക്ഷ സ്വീകരിച്ചു കഴിഞ്ഞാൽ ലൈസൻസിങ്ങ് അധികാരസ്ഥാനം, ആവശ്യകമെന്ന് അത്, കരുതുന്ന അന്വേഷണ വിചാരണ ഏതെങ്കിലും ഉണ്ടെങ്കിൽ, അതു നടത്തിയശേഷം, ഈ അദ്ധ്യായത്തിലെ മററ് വ്യവസ്ഥകാംക്ക് വിധേയമായി, ലിഖിതമായ ഉത്തരവുവഴി ലൈസൻസ് നൽകുകയോ നൽകാതിരിക്കുകയോ ചെയ്യേണ്ടതാണ്.

(3) ലൈസൻസിങ്ങ് അധികാരസ്ഥാനം—

(ക) (i) ആത്മരക്ഷയ്ക്കോ വിനോദത്തിനോ ഉപയോഗിക്കുന്ന ഇരുപത് ഇഞ്ചിൽ കുറയാതെ നീളമുള്ള മിനുസരന്ധ്ര തോക്ക് സംബന്ധിച്ചോ അല്ലെങ്കിൽ ഉത്തമവിശ്വാസപൂർവ്വം വിളവു സംരക്ഷണത്തിന് ഉപയോഗിക്കുന്ന അഗ്രത്തോട്ട ത്തോക്ക് സംബന്ധിച്ചോ :

എന്നാൽ ഏതെങ്കിലും സംഗതിയുടെ പരിത:സ്ഥിതികാം പരിഗണിച്ച്, ഒരു അഗ്രത്തോട്ടത്തോക്ക് വിളവ് സംരക്ഷണത്തിന് മതിയാകുകയില്ലെന്ന് ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന് ബോദ്ധ്യമാകുന്നിടത്ത്, ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന്, അങ്ങനെയുള്ള സംരക്ഷണത്തിന് മേൽപ്പറഞ്ഞ പ്രകാരമുള്ള മററ് ഏതെങ്കിലും മിനുസരന്ധ്ര തോക്ക് സംബന്ധിച്ച ഒരു ലൈസൻസ് നൽകാവുന്നതാണ്, അല്ലെങ്കിൽ

(ii) കേന്ദ്ര ഗവൺമെൻറ് ലൈസൻസ് നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഒരു റൈഫിാം ക്ലബ്ബിലേയോ റൈഫിാം സമാജത്തിലേയോ അംഗം ഉന്നം പരിശീലനത്തിന് ഉപയോഗിക്കുന്ന ദശാംശം 22 രന്ധ്രം റൈഫിളോ അല്ലെങ്കിൽ ഒരു വ്യോമറൈഫിളോ സംബന്ധിച്ചോ ;

ഇൻഡ്യയിലെ ഒരു പൗരൻ ലൈസൻസ് ആവശ്യപ്പെടുന്നിടത്ത് 3-ാം വകുപ്പിൻ കീഴിൽ ഒരു ലൈസൻസും ;

(ഖ) മററ് ഏതെങ്കിലും സംഗതിയിൽ 3-ാം വകുപ്പിൻകീഴിൽ ഒരു ലൈസൻസോ അല്ലെങ്കിൽ ലൈസൻസ് ആവശ്യപ്പെടുന്ന ആരംക്ക് അത് ലഭിക്കുന്നതിന് മതിയായ കാരണം ഉണ്ടെന്ന് ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന് ബോദ്ധ്യമാവുകയാണെങ്കിൽ, 4-ാം വകുപ്പിൻെറയോ 5-ാം വകുപ്പിൻെറയോ 6-ാം വകുപ്പിൻെറയോ 10-ാം വകുപ്പിൻെറയോ അല്ലെങ്കിൽ 12-ാം വകുപ്പിൻെറയോ കീഴിൽ ഒരു ലൈസൻസോ

നൽകേണ്ടതാണ്.

14. (1) 13-ാം വകുപ്പിൽ എന്തുതന്നെയായിരുന്നാലും, ലൈസൻസിങ്ങ് അധികാരസ്ഥാനം ലൈസൻസുകാം കൊടുക്കാതിരിക്കൽ

(ക) 3-ാം വകുപ്പിൻെറയോ 4-ാം വകുപ്പിൻെറയോ 5-ാം വകുപ്പിൻെറയോ കീഴിലുള്ള ഒരു ലൈസൻസ് ഏതെങ്കിലും നിരോധിത ആയുധങ്ങളോ നിരോധിത വെടിക്കോപ്പോ സംബന്ധിച്ച് ആവശ്യപ്പെട്ടിട്ടുള്ളിടത്തോ ;

(ഖ) II-ാം അദ്ധ്യായത്തിൻ കീഴിലുള്ള മററ് ഏതെങ്കിലും സംഗതിയിലുള്ള ഒരു ലൈസൻസ്

(i) ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന്—

(1) ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ ഒരാം ആർജ്ജിക്കുകയോ തൻെറ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ കൊണ്ടു നടക്കുകയോ ചെയ്യുന്നത് ഈ ആക്ററോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമമോ നിരോധിച്ചിട്ടുണ്ടെന്നോ അല്ലെങ്കിൽ

(2) ചിത്തഭ്രമമുള്ളവനാണന്നോ, അല്ലെങ്കിൽ

(3) ഈ ആക്ററിൻ കീഴിൽ, ഏതെങ്കിലും കാരണത്താൽ ഒരു ലൈസൻസിന് അയോഗ്യനായിട്ടുള്ളവനാണെന്നോ

വിശ്വസിക്കാൻ കാരണമുള്ള ഒരാം അങ്ങനെയുള്ള ലൈസൻസ് ആവശ്യപ്പെടുന്നിടത്തോ, അല്ലെങ്കിൽ

(ii) പൊതുസമാധാനഭദ്രതയ്ക്കോ അല്ലെങ്കിൽ പൊതുസുരക്ഷയ്ക്കോ വേണ്ടി അങ്ങനെയുള്ള ലൈസൻസ് നൽകാതിരിക്കുന്നത് ആവശ്യകമാണെന്ന് ലൈസൻസിങ്ങ് അധികാരസ്ഥാനം കരുതുന്നിടത്തോ

നിരാകരിക്കേണ്ടതാണ്.

(2) ലൈസൻസിങ്ങ് അധികാരസ്ഥാനം, ഏതെങ്കിലും ആളിന് വസ്തുവിൻെറ മതിയായ ഉടമാവകാശം ഇല്ലെന്നോ അല്ലെങ്കിൽ കൈവശമില്ലെന്നോ ഉള്ള കാരണത്താൽ മാത്രം അങ്ങനെയുള്ള ആരംക്ക് ഏതെങ്കിലും ലൈസൻസ് നൽകുന്നതിന് നിരസിക്കാൻ പാടില്ലാത്തതാകുന്നു.

(3) ലൈസൻസിങ്ങ് അധികാരസ്ഥാനം ഏതെങ്കിലും ആളിന് ഒരു ലൈസൻസ് നൽകാൻ നിരസിക്കുന്നിടത്ത്, അങ്ങനെ നിരസിക്കുന്നതിനുള്ള കാരണങ്ങാം ലിഖിതമായി രേഖപ്പെടുത്തേണ്ടതും ഏതെങ്കിലും സംഗതിയിൽ ഒരു സ്റേറററുമെൻറ് നൽകുന്നത് പൊതു താൽപര്യത്തിന് അനുയോജിച്ചതായിരിക്കുകയില്ലെന്ന് ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന് അഭിപ്രായമില്ലാത്തപക്ഷം ആവശ്യപ്പെട്ടാൽ അതിൻെറ ഒരു സംക്ഷിപ്ത വിവരണം ആ ആളിന് നൽകേണ്ടതുമാണ്.

ലൈസൻസിൻെറ കാലാവധിയും പുതുക്കലും.

15. (1) 3-ാം വകുപ്പിൻ കീഴിലുള്ള ഒരു ലൈസൻസ്, നേരത്തെ പിൻവലിക്കാത്തപക്ഷം, അത് നൽകിയ തീയതി മുതൽ മൂന്നു വർഷക്കാലത്തേക്ക് പ്രാബല്യത്തിൽ തുടരുന്നതാണ് :

എന്നാൽ ലൈസൻസ് ആവശ്യപ്പെടുന്ന ആൾ ഒരു ഹ്രസ്വകാലത്തേക്ക് ആഗ്രഹിക്കുകയാണെങ്കിലോ അല്ലെങ്കിൽ ലൈസൻസിങ്ങ് അധികാരസ്ഥാനം, ഏതെങ്കിലും സംഗതിയിൽ ലിഖിതമായി രേഖപ്പെടുത്തുന്ന കാരണങ്ങളാൽ, ലൈസൻസ് ഒരു ഹ്രസ്വകാലത്തേക്ക് നൽകേണ്ടതാണെന്ന് കരുതുകയാണെങ്കിലോ അങ്ങനെയുള്ള ഒരു ലൈസൻസ് ഒരു ഹ്രസ്വകാലത്തേയ്ക്ക് നൽകാവുന്നതാണ്.

(2) II-ാം അദ്ധ്യായത്തിലെ മറ്റേതെങ്കിലും വ്യവസ്ഥയ്ക്ക് കീഴിലുള്ള ഒരു ലൈസൻസ്, നേരത്തെ പിൻവലിക്കാത്ത പക്ഷം, അത് നൽകിയ തീയതി മുതൽ ലൈസൻസിങ്ങ് അധികാരസ്ഥാനം ഓരോ സംഗതിയിലും നിശ്ചയിക്കാവുന്ന കാലത്തേയ്ക്ക് പ്രാബല്യത്തിൽ തുടരുന്നതാണ്.

(3) ഏതൊരു ലൈസൻസും ഏതെങ്കിലും സംഗതിയിൽ ലൈസൻസിങ്ങ് അധികാരസ്ഥാനം ലിഖിതമായി രേഖപ്പെടുത്തുന്ന കാരണങ്ങളാൽ മററു വിധത്തിൽ തീരുമാനിക്കാത്തപക്ഷം, ലൈസൻസ് ആദ്യമായി നൽകിയ അതേ കാലത്തേയ്ക്ക് പുതുക്കാവുന്നതും, അപ്പപ്പോൾ അപ്രകാരം പുതുക്കാവുന്നതും ഒരു ലൈസൻസ് നൽകുന്നതിന് 13-ഉം 14-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമാക്കുന്ന പ്രകാരം അത് പുതുക്കുന്നതിനും ബാധകമാകുന്നതുമാകുന്നു.

ലൈസൻസിന് ഫീസ് മുതലായവ.

16. ലൈസൻസ് നൽകുന്നതിനോ പുതുക്കുന്നതിനോ കൊടുക്കേണ്ട ഫീസും അത് വിധേയമായിരിക്കേണ്ട ഉപാധികളും ലൈസൻസിനുള്ള ഫാറവും നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കേണ്ടതാണ് :

എന്നാൽ വ്യത്യസ്ത തരത്തിലുള്ള ലൈസൻസുകൾക്ക് വ്യത്യസ്തമായ ഫീസുകളും വ്യത്യസ്തമായ ഉപാധികളും വ്യത്യസ്തമായ ഫാറങ്ങളും നിർണ്ണയിക്കാവുന്നതാണ്.

എന്നുമാത്രമല്ല, നിർണ്ണയിക്കപ്പെട്ട ഉപാധികൾക്കു പുറമെ, ഏതെങ്കിലും പ്രത്യേക സംഗതിയിൽ, ലൈസൻസിങ്ങ് അധികാരസ്ഥാനം ആവശ്യകമെന്ന് കരുതാവുന്ന മററ് ഉപാധികളും ഒരു ലൈസൻസിൽ അടങ്ങിയിരിക്കാവുന്നതാണ്.

ലൈസൻസുകൾ വ്യത്യാസപ്പെടുത്തുന്നതും നിറുത്തിവയ്ക്കുന്നതും പിൻവലിക്കുന്നതും.

17. (1) ഏത് ഉപാധികൾക്ക് വിധേയമായാണോ ഒരു ലൈസൻസ് നൽകപ്പെട്ടിട്ടുള്ളത് അവയിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ളവയൊഴികെയുള്ള വ്യവസ്ഥകൾ ലൈസൻസിങ്ങ് അധികാരസ്ഥാനം വ്യത്യാസപ്പെടുത്താവുന്നതും ആ ആവശ്യത്തിന്, ലിഖിതമായ നോട്ടീസ് വഴി, നോട്ടീസിൽ വിനിർദ്ദിഷ്ടമാക്കാവുന്ന സമയത്തിനുള്ളിൽ, ആ ലൈസൻസ് അതിന് ഏൽപ്പിച്ചു കൊടുക്കുവാൻ ലൈസൻസ് കൈവശക്കാരനോട് ആവശ്യപ്പെടാവുന്നതുമാകുന്നു.

(2) ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന്, ലൈസൻസ് കൈവശക്കാരൻെറ അപേക്ഷയിൻമേലും ലൈസൻസിലെ നിർണ്ണയിക്കപ്പെട്ടിട്ടുള്ളവയൊഴികെയുള്ള ഉപാധികൾ വ്യത്യാസപ്പെടുത്താവുന്നതാണ്.

(3) ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന്—

(ക) ലൈസൻസ് കൈവശക്കാരൻ ഈ ആക്ററിനാലോ തൽസമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്താലോ വല്ല ആയുധങ്ങളോ വെടിക്കോപ്പോ ആർജ്ജിക്കുകയോ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ കൊണ്ടു നടക്കുകയോ ചെയ്യുന്നതിൽനിന്ന് നിരോധിക്കപ്പെട്ടിട്ടുണ്ടെന്നോ അല്ലെങ്കിൽ അയാൾ ചിത്തഭ്രമമുള്ളവനാണെന്നോ അല്ലെങ്കിൽ ഈ ആക്ററിൻ കീഴിലുള്ള ഒരു ലൈസൻസിന് ഏതെങ്കിലും കാരണത്താൽ അയോഗ്യനാണെന്നോ ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന് ബോദ്ധ്യമാകുകയാണെങ്കിലോ ; അല്ലെങ്കിൽ

(ഖ) ലൈസൻസിങ്ങ് അധികാരസ്ഥാനം, പൊതു സമാധാനത്തിൻെറ ഭദ്രതയ്ക്കോ, അല്ലെങ്കിൽ പൊതുസുരക്ഷിതത്വത്തിനോ വേണ്ടി ലൈസൻസ് നിറുത്തിവയ്ക്കുകയോ അല്ലെങ്കിൽ പിൻവലിക്കുകയോ ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുകയാണെങ്കിലോ; അല്ലെങ്കിൽ

(ഗ) ലൈസൻസിന് അപേക്ഷിക്കുന്ന സമയത്ത്, സാരമായ വിവരം മറച്ചുവച്ചുകൊണ്ടോ അല്ലെങ്കിൽ ലൈസൻസ് കൈവശക്കാരനോ അയാൾക്കുവേണ്ടി മററാരെങ്കിലുമോ നൽകിയ തെററായ വിവരത്തിൻെറ അടിസ്ഥാനത്തിലോ ആണ് ലൈസൻസ് സമ്പാദിച്ചിട്ടുള്ളതെങ്കിലോ ;

(ഘ) ലൈസൻസിലെ ഉപാധികളിൽ ഏതെങ്കിലും ലംഘിച്ചിട്ടുണ്ടെങ്കിലോ; അല്ലെങ്കിൽ

(ങ) ലൈസൻസ് ഏൽപ്പിച്ചുകൊടുക്കുന്നതിന് തന്നോട് ആവശ്യപ്പെട്ടുകൊണ്ട് (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു നോട്ടീസ് അനുസരിക്കുന്നതിൽ ലൈസൻസ് കൈവശക്കാരൻ വീഴ്ചവരുത്തിയിട്ടുണ്ടെങ്കിലോ;

ലിഖിതമായ ഉത്തരവുവഴി, അതിന് യുക്തമെന്ന് തോന്നുന്ന കാലത്തേക്ക് ലൈസൻസ് നിറുത്തിവയ്ക്കുകയോ അല്ലെങ്കിൽ ലൈസൻസ് പിൻവലിക്കുകയോ ചെയ്യാവുന്നതാണ്.

(4) ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന് ഒരു ലൈസൻസ് അതിന്റെ കൈവശക്കാരന്റെ അപേക്ഷയിൻമേലും പിൻവലിക്കാവുന്നതാണ്.

(5) ലൈസൻസിങ്ങ് അധികാരസ്ഥാനം, ഒരു ലൈസൻസ് വ്യത്യാസപ്പെടുത്തികൊണ്ടുള്ള (1)-ാം ഉപവകുപ്പിൻകീഴിലെ ഉത്തരവോ അല്ലെങ്കിൽ ഒരു ലൈസൻസ് നിറുത്തിവച്ചുകൊണ്ടോ അല്ലെങ്കിൽ പിൻവലിച്ചുകൊണ്ടോ ഉള്ള (3)-ാം ഉപവകുപ്പിൻ കീഴിലെ ഒരു ഉത്തരവോ വ്യത്യാസപ്പെടുത്തികൊണ്ട് ഒരു ഉത്തരവു പുറപ്പെടുവിക്കുന്നിടത്ത് അത് അതിനുള്ള കാരണങ്ങൾ എഴുതി രേഖപ്പെടുത്തേണ്ടതും, ലൈസൻസു കൈവശക്കാരന് അയാൾ ആവശ്യപ്പെടുന്നതിൻമേൽ അത് സംബന്ധമായ ഒരു സംക്ഷിപ്തവിവരണം, അങ്ങനെയൊരു വിവരണം നൽകുന്നത് പൊതുതാൽപര്യത്തിന് വിരുദ്ധമായിരിക്കുമെന്ന് ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന് അഭിപ്രായമില്ലാത്തപക്ഷം, നൽകേണ്ടതാണ്.

(6) ലൈസൻസിങ്ങ് അധികാരസ്ഥാനം ഏത് അധികാരസ്ഥാനത്തിനു കീഴിലാണോ ആ അധികാരസ്ഥാനത്തിന്, ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന് ലൈസൻസ് ഏതു കാരണത്തിൻമേൽ ആണോ നിറുത്തിവെയ്ക്കുകയോ, അല്ലെങ്കിൽ പിൻവലിക്കുകയോ ചെയ്യാവുന്നത് ആ കാരണത്തിൻമേൽ രേഖാമൂലമായ ഉത്തരവുവഴി നിറുത്തിവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതും, ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകൾ അങ്ങനെയുള്ള അധികാരസ്ഥാനത്താൽ ലൈസൻസ് നിറുത്തിവയ്ക്കപ്പെടുകയോ പിൻവലിക്കപ്പെടുകയോ ചെയ്യുന്നതു സംബന്ധിച്ച് ആവുന്നിടത്തോളം ബാധകമാകുന്നതുമാണ്.

(7) ഈ ആക്ററിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടേയോ കീഴിൽ ഏതെങ്കിലും കുററത്തിന് ലൈസൻസ് കൈവശക്കാരനെ കുററസ്ഥാപനം ചെയ്യുന്ന കോടതിക്കും ലൈസൻസ് നിറുത്തിവയ്ക്കുകയോ അല്ലെങ്കിൽ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ ആ കുററസ്ഥാപനം അപ്പീലിൻമേലോ മററുവിധത്തിലോ അസ്ഥിരപ്പെട്ടുപോവുകയാണെങ്കിൽ, നിറുത്തിവയ്ക്കലോ പിൻവലിക്കലോ അസാധുവായിത്തീരുന്നതാണ്.

(8) (7)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു നിറുത്തിവയ്ക്കൽ അല്ലെങ്കിൽ പിൻവലിക്കൽ ഉത്തരവു ഒരു അപ്പീൽകോടതിക്കോ അല്ലെങ്കിൽ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ ഹൈക്കോടതിക്കോ കൂടി പുറപ്പെടുവിക്കാവുന്നതാണ്.

(9) കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ ഉത്തരവുവഴി, ഇൻഡ്യ ഒട്ടുക്കോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തോ, ഈ ആക്ററിൻകീഴിൽ നൽകിയിട്ടുള്ള എല്ലാമോ, അല്ലെങ്കിൽ ഏതെങ്കിലുമോ ലൈസൻസ് നിറുത്തിവയ്ക്കുകയോ പിൻവലിക്കുകയോ അല്ലെങ്കിൽ നിറുത്തിവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാൻ ഏതെങ്കിലും ലൈസൻസിങ്ങ് അധികാരസ്ഥാനത്തോടു നിദേശിക്കുകയോ ചെയ്യാവുന്നതാണ്.

(10) ഈ വകുപ്പിൻകീഴിൽ ഒരു ലൈസൻസ് നിറുത്തി വയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതിൻമേൽ അതിന്റെ കൈവശക്കാരൻ, അത് ഏത് അധികാരസ്ഥാനമാണോ നിറുത്തി വയ്ക്കുകയോ പിൻവലിക്കുകയോ ചെയ്തത് ആ അധികാരസ്ഥാനത്തെയോ അല്ലെങ്കിൽ, ഈ ആവശ്യത്തിലേയ്ക്ക് നിറുത്തിവയ്ക്കൽ ഉത്തരവിലോ പിൻവലിക്കൽ ഉത്തരവിലോ വിനിർദ്ദിഷ്ടമാക്കാവുന്ന മററു അധികാരസ്ഥാനത്തേയോ ആ ലൈസൻസ് കാലവിളംബം കൂടാതെ തിരിച്ചേൽപ്പിക്കേണ്ടതാണ്.

18. (1) ലൈസൻസ് നൽകുന്നതിന് വിസമ്മതിച്ചുകൊണ്ടോ അല്ലെങ്കിൽ ലൈസൻസിലെ ഉപാധികൾ വ്യത്യാസപ്പെടുത്തിക്കൊണ്ടോ ഉള്ള ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന്റെ ഒരു ഉത്തരവിലോ അല്ലെങ്കിൽ ലൈസൻസ് നിറുത്തിവച്ചുകൊണ്ടോ പിൻവലിച്ചുകൊണ്ടോ ഉള്ള ലൈസൻസിങ്ങ് അധികാരസ്ഥാനത്തിന്റെയോ ലൈസൻസിങ്ങ് അധികാരസ്ഥാനം കീഴിലായുള്ള അധികാരസ്ഥാനത്തിന്റെയോ ഒരു ഉത്തരവിലോ സങ്കടമുള്ള ഏതൊരാളും ആ ഉത്തരവിനെതിരെ, നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥാനത്തിന് (ഇതിനുശേഷം അപ്പീൽ അധികാരസ്ഥാനമെന്ന് പരാമർശിക്കപ്പെടുന്നു) അങ്ങനെയുള്ള കാലാവധിക്കകത്ത് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. അപ്പീലുകൾ.

എന്നാൽ ഗവൺമെൻറിനാലോ അല്ലെങ്കിൽ ഗവൺമെൻറിന്റെ നിദേശത്തിന് കീഴിലോ പുറപ്പെടുവിക്കപ്പെട്ട ഏത് ഉത്തരവിനുമെതിരെ യാതൊരു അപ്പീലും ഉണ്ടായിരിക്കുന്നതല്ല.

(2) നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി അവസാനിച്ചശേഷം ബോധിപ്പിക്കപ്പെടുന്ന യാതൊരു അപ്പീലും സ്വീകരിക്കാൻ പാടുള്ളതല്ല.

എന്നാൽ ആ കാലാവധിക്കുള്ളിൽ അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് തനിക്ക് മതിയായ കാരണങ്ങൾ ഉണ്ടായിരുന്നുവെന്ന് അപ്പീൽവാദി അപ്പീൽ അധികാരസ്ഥാനത്തിനെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ, നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി കഴിഞ്ഞശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(3) അപ്പീലിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി, ഇൻഡ്യൻ കാലഹരണ ആക്ററ് 1908-നു കീഴിലുള്ള കാലഹരണ കാലാവധികൾ കണക്കാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾപ്രകാരം കണക്കാക്കേണ്ടതാണ്. 1908-ലെ 9.

(4) ഈ വകുപ്പിൻകീഴിലുള്ള ഓരോ അപ്പീലും രേഖാമൂലമായ ഹർജി വഴി നൽകേണ്ടതും, അതിനോടൊപ്പം ഏതു് ഉത്തരവിന് എതിരായാണോ അപ്പീൽ നൽകപ്പെട്ടിട്ടുള്ളത് ആ ഉത്തരവിനുള്ള കാരണങ്ങളുടെ സംക്ഷിപ്ത വിവരണവും അങ്ങനെയുള്ള വിവരണം അപ്പീൽവാദിക്ക് നൽകപ്പെട്ടിട്ടുള്ളിടത്ത്, നിർണ്ണയിക്കപ്പെടാവുന്ന ഫീസും ഉണ്ടായിരിക്കേണ്ടതാണ്.

(5) അപ്പീൽ തീർപ്പാക്കുന്നതിൽ അപ്പീൽ അധികാരസ്ഥാനം നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതാണ്:

എന്നാൽ അപ്പീൽവാദിക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ യാതൊരു അപ്പീലും തീർച്ച ചെയ്യാൻ പാടുള്ളതല്ല.

(6) അപ്പീലിനു വിധേയമായ ഉത്തരവ് അപ്പീൽ അധികാരസ്ഥാനം, സോപാധികമായോ നിരുപാധികമായോ മററുവിധത്തിൽ നിദേശിക്കാത്തപക്ഷം, അപ്പീൽ തീർച്ചചെയ്യുന്നതുവരെ പ്രാബല്യത്തിലിരിക്കുന്നതാണ്.

(7) ഏതു് ഉത്തരവിന് എതിരായാണോ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളത് ആ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ, രൂപ ഭേദപ്പെടുത്തിക്കൊണ്ടോ അല്ലെങ്കിൽ മറിച്ചുവിധിച്ചുകൊണ്ടോ ഉള്ള അപ്പീൽ അധികാരസ്ഥാനത്തിന്റെ ഏതൊരു ഉത്തരവും അന്തിമമായിരിക്കുന്നതാണ്.

## അദ്ധ്യായം IV
## അധികാരങ്ങളും നടപടിക്രമവും

ലൈസൻസ് മുതലായവ ഹാജരാക്കുന്നതിന് ആവശ്യപ്പെടാനുള്ള അധികാരം.

19. (1) പോലീസ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻറ് ഇതിലേയ്ക്ക് പ്രത്യേകം അധികാരപ്പെടുത്തിയ മറേറതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ കൊണ്ടുനടക്കുന്ന ഏതെങ്കിലും ആളോട് അയാളുടെ ലൈസൻസ് ഹാജരാക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

(2) ആരോടാണോ ആവശ്യപ്പെട്ടത്, അയാൾ ലൈസൻസ് ഹാജരാക്കാനോ അല്ലെങ്കിൽ ഈ ആക്ററിന്റെയോ, തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിന്റെയോ ബലത്തിൽ, ലൈസൻസ് കൂടാതെ അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോകൊണ്ട് നടക്കുന്നതിന് അയാൾക്ക് അവകാശമുണ്ടെന്ന് കാണിക്കാൻ വിസമ്മതിക്കുകയോ വീഴ്ചവരുത്തുകയോ ചെയ്യുകയാണെങ്കിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അയാളുടെ പേരും മേൽവിലാസവും നൽകാൻ ആവശ്യപ്പെടാവുന്നതും ആവശ്യമാണെന്ന് കരുതുകയാണെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ അയാൾ കൊണ്ടുനടക്കുന്ന ആയുധങ്ങളോ വെടിക്കോപ്പോ അയാളിൽനിന്നു പിടിച്ചെടുക്കാവുന്നതുമാണ്.

(3) അയാൾ, തന്റെ പേരും മേൽവിലാസവും നൽകാൻ വിസമ്മതിക്കുകയാണെങ്കിലോ അല്ലെങ്കിൽ അയാൾ വ്യാജമായ പേരോ മേൽവിലാസമോ തരുന്നതെന്നോ ഒളിവിൽപോകാൻ ഉദ്ദേശിക്കുന്നുണ്ടെന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സംശയിക്കുകയാണെങ്കിലോ, അങ്ങനെയുള്ള ഉദ്യോഗസ്ഥന് വാറണ്ട് കൂടാതെ അയാളെ അറസ്ററ് ചെയ്യാവുന്നതാണ്.

സംശയകരമായ പരിതഃസ്ഥിതികളിൽആയുധങ്ങൾ മുതലായവ കൊണ്ടുപോകുന്നആളുകളെഅറസ്ററ് ചെയ്യൽ.

20. ഏതെങ്കിലും ആൾ, ഏതെങ്കിലും ആയുധങ്ങളോ, വെടിക്കോപ്പോ, ലൈസൻസുള്ളവയായാലും അല്ലെങ്കിലും ഏതെങ്കിലും നിയമവിരുദ്ധമായ ആവശ്യത്തിന് അവ ഉപയോഗിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുപോവുകയാണെന്നോ അല്ലെങ്കിൽ അവ ഉപയോഗിച്ചേക്കാമെന്നോ സംശയിക്കുന്നതിനുള്ള ന്യായമായ കാരണങ്ങൾ ഉണ്ടാകത്തക്കവിധത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള പരിതഃസ്ഥിതികളിലോ അവ വഹിച്ചുകൊണ്ടുപോകുന്നതായോ അല്ലെങ്കിൽ കൊണ്ടുപോകുന്നതായോ കാണുന്നിടത്ത്, ഏതെങ്കിലും മജിസ്ട്രേട്ടിനോ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ മററു ഏതെങ്കിലും പബ്ലിക് സർവൻറിനോ അല്ലെങ്കിൽ റയിൽവേയിലോ വിമാനത്തിലോ ജലയാനത്തിലോ, വാഹനത്തിലോ അല്ലെങ്കിൽ മററ് ഏതെങ്കിലും തരത്തിലുള്ള വാഹനത്തിലോ നിയോജിക്കപ്പെട്ടതോ അല്ലെങ്കിൽ ജോലി ചെയ്യുന്നതോ ആയ ഏതെങ്കിലും ആളിനോ വാറണ്ട് കൂടാതെ അയാളെ അറസ്ററ് ചെയ്യാവുന്നതും, അയാളിൽനിന്നു അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോ പിടിച്ചെടുക്കാവുന്നതുമാണ്.

കൈവശംവയ്ക്കുന്നത്നിയമാനുസൃതമല്ലാതായിത്തീരുമ്പോൾ ആയുധങ്ങൾമുതലായവതിരിച്ചേൽപ്പിക്കൽ.

21. (1) ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ തന്റെ കൈവശമുള്ള ഏതെങ്കിലും ആളിന്, ലൈസൻസിന്റെ കാലാവധി അവസാനിക്കുകയോ അല്ലെങ്കിൽ, ഒരു ലൈസൻസ് നിറുത്തിവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്തതിന്റെ ഫലമായോ അല്ലെങ്കിൽ 4-ാം വകുപ്പിൻകീഴിൽ ഒരു വിജ്ഞാപനം പുറപ്പെടുവിക്കയാലോ അല്ലെങ്കിൽ മറേറതെങ്കിലും കാരണത്താലോ അത് കൈവശം വയ്ക്കുന്നത് നിയമാനുസൃതമല്ലാതായിത്തീരുന്നിടത്ത്, അനാവശ്യമായ കാലതാമസം കൂടാതെ, അവ ഏററവും അടുത്തുള്ള പോലീസ് സ്റേറഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പക്കലോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലൈസൻസുള്ള വ്യാപാരിയുടെ പക്കലോ അല്ലെങ്കിൽ അങ്ങനെയുള്ള ആൾ, യൂണിയന്റെ സായുധസേനയിലെ ഒരംഗമായിരിക്കുന്നിടത്ത്, യൂണിററ് ആയുധപ്പുരയിലോ തിരിച്ചേൽപ്പിക്കേണ്ടതാണ്.

വിശദീകരണം — ഈ ഉപവകുപ്പിൽ ''യൂണിററ് ആയുധപ്പുര''യിൽ കപ്പലിലെട ഒരു ആയുധപ്പുരയോ അല്ലെങ്കിൽ ഇൻഡ്യൻ നാവികസേനയുെ ഒരു സ്ഥാപനമോഉൾപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ആയുധങ്ങളോ വെടിക്കോപ്പോ തിരിച്ചേൽപ്പിച്ചിട്ടുള്ളിടത്ത്, നിക്ഷേപകനോ അയാരം മരിച്ചുപോവുകയാണെങ്കിൽ അയാളുടെ നിയമാനുസൃത പ്രതിനിധിയോ നിർണ്ണയിക്കപ്പെടാവുന്ന കാലാവധി കഴിയുന്നതിന് മുമ്പ് ഏതെങ്കിലും സമയത്ത്—

(ക) അപ്രകാരം നിക്ഷേപിച്ച ഏതെങ്കിലും, ഈ ആക്ററിൻെറയോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്തിൻെറയോ ബലത്തിൽ അയാളുടെ കൈവശം വയ്ക്കുന്നതിന് അയാരംക്ക് അവകാശമുണ്ടായിത്തീരുന്നതിൻമേൽ തിരിയെ കിട്ടുന്നതിനോ; അല്ലെങ്കിൽ

(ഖ) അപ്രകാരം നിക്ഷേപിച്ച ഏതെങ്കിലും, വിൽപനയായോ മററുവിധത്തിലോ, ഈ ആക്ററിൻെറയോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻെറയോ ബലത്തിൽ തൻെറ കൈവശം വയ്ക്കുവാൻ അവകാശപ്പെട്ടതോ അല്ലെങ്കിൽ അത് തൻെറ കൈവശം വയ്ക്കുന്നത് ഈ ആക്േറോ അല്ലെങ്കിൽ അങ്ങനെയുള്ള മററു നിയമമോ നിരോധിച്ചിട്ടില്ലാത്തതോ ആയ ഏതെങ്കിലും ആളിന് വ്യയനം ചെയ്യുകയോ അല്ലെങ്കിൽ വ്യയനം ചെയ്യാൻ പ്രാധികാരപ്പെടുത്തുകയോ ചെയ്യാനും അങ്ങനെയുള്ള വ്യയനത്തിൽ കിട്ടുന്ന തുക വാങ്ങാനും അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിലുള്ള യാതൊന്നും 32-ാം വകുപ്പിൻകീഴിൽ കണ്ടുകെട്ടുന്നതിന് നിദേശിച്ചിട്ടുള്ള എന്തെങ്കിലും മടക്കി കൊടുക്കുന്നതിനോ വ്യയനം ചെയ്യുന്നതിനോ പ്രാധികാരപ്പെടുത്തുന്നതായി കരുതാൻ പാടുള്ളതല്ല.

(3) നിക്ഷേപിക്കപ്പെട്ടതും, (2)-ാം ഉപവകുപ്പിൻകീഴിൽ അതിൽ പരാമർശിച്ചിട്ടുള്ള കാലം തിരികെവാങ്ങാത്തതോ വ്യയനം ചെയ്യാത്തതോ കൈയൊഴിക്കാത്തതോ ആയ എല്ലാ സാധനങ്ങളും ജില്ലാ മജിസ്ട്രേട്ടിൻെറ ഉത്തരവു മുഖേന ഗവൺമെൻറിലേയ്ക്ക് കണ്ടുകെട്ടേണ്ടതാണ്:

എന്നാൽ ഒരു ലൈസൻസ് നിറുത്തിവയ്ക്കുന്ന സംഗതിയിൽ, നിറുത്തിവയ്ക്കുന്ന കാലത്ത്, ലൈസൻസ് ഉള്ള ഒരു സാധനം സംബന്ധിച്ച് അങ്ങനെയുള്ള യാതൊരു കണ്ടുകെട്ടലും ഉത്തരവ് ചെയ്യാൻ പാടുള്ളതല്ല.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ ഒരു ഉത്തരവ് ചെയ്യുന്നതിന് മുമ്പ്, ജില്ലാ മജിസ്ട്രേട്ട്, നിക്ഷേപകനോ അയാരം മരിച്ചുപോവുകയാണെങ്കിൽ അയാളുടെ നിയമാനുസൃത പ്രതിനിധിക്കോ നിർണ്ണയിക്കപ്പെട്ട രീതിയിൽ നടത്തിയ ലിഖിതമായ നോട്ടീസുവഴി, നോട്ടീസിൽ വിനിർദ്ദേശിക്കുന്ന സാധനങ്ങരം കണ്ടുകെട്ടാതിരിക്കുന്നതിന് നോട്ടീസ് നടത്തിയത് മുതൽ മുപ്പതുദിവസത്തിനകം കാരണം കാണിക്കാൻ, ആവശ്യപ്പെടേണ്ടതാണ്.

(5) അതതു സംഗതിപോലെ നിക്ഷേപകനോ അല്ലെങ്കിൽ, അയാളുടെ നിയമാനുസൃത പ്രതിനിധിയോ കാണിക്കുന്ന കാരണം വല്ലതുമുണ്ടെങ്കിൽ അത് പരിഗണിച്ചശേഷം, ജില്ലാ മജിസ്ട്രേട്ട് തനിക്ക് യുക്തമെന്നു തോന്നുന്ന ഉത്തരവു പാസ്സാക്കേണ്ടതാണ്.

(6) ഗവൺമെൻറിലേക്ക് കണ്ടുകെട്ടിയ സാധനങ്ങളോ അല്ലെങ്കിൽ അവ വ്യയനം ചെയ്തുകിട്ടിയ തുക മുഴുവനായോ ഭാഗികമായോ, നിക്ഷേപകനോ അയാളുടെ നിയമാനുസൃത പ്രതിനിധിക്കോ ഏതു സമയത്തും ഗവൺമെൻറ് തിരിയെ കൊടുക്കാവുന്നതാണ്.

22. (1) ഒരു മജിസ്ട്രേട്ടിന്— മജിസ്ട്രേട്ടിനാലുള്ള ശോധനയും പിടിച്ചെടുക്കലും.

(ക) തൻെറ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിൽ വസിക്കുന്ന ഏതെങ്കിലും ആരംക്ക്, അയാളുടെ കൈവശത്തിൽ ഏതെങ്കിലും നിയമാനുസൃതമല്ലാത്ത ആവശ്യത്തിന് വല്ല ആയുധങ്ങളോ വെടിക്കോപ്പോ ഉണ്ടെന്നോ, അല്ലെങ്കിൽ

(ഖ) പൊതുസമാധാനത്തിനോ സുരക്ഷിതത്വത്തിനോ അപകടം കൂടാതെ ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ അങ്ങനെയുള്ള ആരം കൈവശം വയ്ക്കുന്നത് അനുവദനീയമല്ലെന്നോ,

വിശ്വസിക്കാൻ കാരണമുള്ളപ്പോഴെല്ലാം, മജിസ്ട്രേട്ട് തൻെറ വിശ്വാസത്തിനുള്ള കാരണങ്ങരം രേഖപ്പെടുത്തിയശേഷം, അങ്ങനെയുള്ള ആരം വസിക്കുന്നതോ അല്ലെങ്കിൽ അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോ കാണുമെന്ന് മജിസ്ട്രേട്ടിനു വിശ്വസിക്കാൻ കാരണമുള്ളതോ ആയ വീടോ കെട്ടിട പരിസരങ്ങളോ ശോധന ചെയ്യിപ്പിക്കാവുന്നതും ഈ ആക്ററിൻേറയോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻെറയോ ബലത്തിൽ അത് അയാളുടെ കൈവശം വയ്ക്കുന്നതിന് ആ ആളിന് അവകാശമുണ്ടായിരുന്നാലും, അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോ വല്ലതുമുണ്ടെങ്കിൽ പിടിച്ചെടുക്കാവുന്നതും തനിക്ക് ആവശ്യമെന്നു തോന്നുന്ന കാലത്തേയ്ക്ക് അത് സുരക്ഷിതമായ സൂക്ഷിപ്പിൽ വയ്ക്കാവുന്നതുമാണ്

(2) ഈ വകുപ്പിൻകീഴിലുള്ള ഏതൊരു ശോധനയും ഒരു മജിസ്ട്രേട്ടോ അല്ലെങ്കിൽ മജിസ്ട്രേട്ടിൻെറ സാന്നിദ്ധ്യത്തിലോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻറ് ഇതിലേയ്ക്ക് പ്രത്യേകം അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ആ ഉദ്യോഗസ്ഥൻെറ സാന്നിദ്ധ്യത്തിലോ നടത്തേണ്ടതാണ്.

*ആയുധങ്ങൾ മുതലായവയ്ക്കു വേണ്ടി ജലയാനങ്ങളും വാഹനങ്ങളും ശോധനചെയ്യൽ.*

23. ഈ ആക്ററിൻെറയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടേയോ ഏതെങ്കിലും ഉല്ലംഘനം നടത്തുന്നുണ്ടെന്നോ അല്ലെങ്കിൽ നടത്തുന്നതിന് സാദ്ധ്യതയുണ്ടെന്നോ ഉറപ്പു വരുത്തുന്ന ആവശ്യത്തിന് ഏതെങ്കിലും മജിസ്ട്രേട്ടിനോ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻറ് ഇതിലേയ്ക്ക് പ്രത്യേകം അധികാരപ്പെടുത്തുന്ന മററ് ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും ജലയാനമോ വാഹനമോ അല്ലെങ്കിൽ മററ് തരത്തിലുള്ള വാഹനമോ നിറുത്തുകയും ശോധന നടത്തുകയും അങ്ങനെയുള്ള ജലയാനത്തിലോ വാഹനത്തിലോ മററ് ഏതെങ്കിലും തരത്തിലുള്ള വാഹനത്തിലോ കാണാവുന്ന ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ പിടിച്ചെടുക്കുകയും ചെയ്യാവുന്നതാണ്.

*കേന്ദ്ര ഗവൺമെൻറിൻെറ ഉത്തരവിൻ കീഴിലുള്ള പിടിച്ചെടുപ്പും തടങ്കലിൽ വയ്പും.*

24. കേന്ദ്ര ഗവൺമെൻറിന് ഏതെങ്കിലും സമയത്ത്, ഏതെങ്കിലും ആളിൻെറ കൈവശമുള്ള ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ, അങ്ങനെയുള്ള ആരാക്ക് ഈ ആക്ററിൻെറയോ തത്സമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്തിൻെറയോ ബലത്തിൽ തൻെറ കൈവശം വയ്ക്കുന്നതിന് അവകാശമുണ്ടായിരുന്നാലും, പിടിച്ചെടുക്കുന്നതിന് ഉത്തരവു ചെയ്യാവുന്നതും, പൊതുസമാധാനത്തിനും സുരക്ഷിതത്വത്തിനും വേണ്ടി അതിന് ആവശ്യകമെന്ന് തോന്നുന്ന കാലത്തേയ്ക്ക് അവ തടങ്കലിൽ വയ്ക്കാവുന്നതും ആകുന്നു.

## അദ്ധ്യായം V

## കുററങ്ങളും ദണ്ഡനങ്ങളും

*ചില കുററങ്ങൾക്കുള്ള ശിക്ഷ.*

25. (1) ഏതൊരാളാണോ—

(ക) 3-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ ആർജ്ജിക്കുകയോ, അയാളുടെ കൈവശം വയ്ക്കുകയോ കൊണ്ടു നടക്കുകയോ ; അല്ലെങ്കിൽ

(ഖ) 4-ാം വകുപ്പിൻകീഴിലുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും സ്ഥലത്ത് ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഇനത്തിലോ തരത്തിലോ ഉള്ള ഏതെങ്കിലും ആയുധങ്ങൾ ആ വകുപ്പ് ഉല്ലംഘിച്ചുകൊണ്ട്, ആർജ്ജിക്കുകയോ അയാളുടെ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ കൊണ്ടു നടക്കുകയോ ; അല്ലെങ്കിൽ

(ഗ) 5-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ നിർമ്മിക്കുകയോ, വില്ക്കുകയോ, കൈമാററം ചെയ്യുകയോ, പരിവർത്തനം ചെയ്യുകയോ, കേടുപാട് തീർക്കുകയോ, പരിശോധന നടത്തുകയോ തെളിയിക്കുകയോ അല്ലെങ്കിൽ വില്പനയ്ക്കായോ, കൈമാററത്തിനായോ പ്രദർശിപ്പിക്കുകയോ വയ്ക്കുകയോ അല്ലെങ്കിൽ വില്പന നടത്തുന്നതിനോ, കൈമാററം ചെയ്യുന്നതിനോ, പരിവർത്തനം ചെയ്യുന്നതിനോ, കേടുപാട് തീർക്കുന്നതിനോ അല്ലെങ്കിൽ പരിശോധന നടത്തുന്നതിനോ തെളിയിക്കുന്നതിനോ വേണ്ടി തൻെറ കൈവശം വയ്ക്കുകയോ ; അല്ലെങ്കിൽ

(ഘ) 6-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഒരു ആഗ്നേയായുധത്തിൻെറ കുഴലിന് നീളം കുറയ്ക്കുകയോ ഒരു വ്യാജ ആഗ്നേയായുധത്തെ ഒരു ആഗ്നേയായുധമായി മാററുകയോ ; അല്ലെങ്കിൽ

(ങ) 7-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട്, ഏതെങ്കിലും നിരോധിത ആയുധങ്ങളോ നിരോധിത വെടിക്കോപ്പോ ആർജ്ജിക്കുകയോ, തൻെറ കൈവശം വയ്ക്കുകയോ, കൊണ്ടുനടക്കുകയോ, നിർമ്മിക്കുകയോ, വില്ക്കുകയോ, കൈമാററം ചെയ്യുകയോ, പരിവർത്തനം ചെയ്യുകയോ, കേടുപാട് തീർക്കുകയോ, പരിശോധന നടത്തുകയോ, തെളിയിക്കുകയോ അല്ലെങ്കിൽ, വില്പനയ്ക്കായോ, കൈമാററത്തിനായോ പ്രദർശിപ്പിക്കുകയോ വയ്ക്കുകയോ അല്ലെങ്കിൽ വില്പനയ്ക്കോ കൈമാററത്തിനോ പരിവർത്തനത്തിനോ കേടുപാട് തീർക്കലിനോ പരിശോധനയ്ക്കോ തെളിയിക്കലിനോ വേണ്ടി തൻെറ കൈവശം വയ്ക്കുകയോ ; അല്ലെങ്കിൽ

(ച) 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്നപ്രകാരം, നിർമ്മാതാവിൻെറ പേരോ, നിർമ്മാതാവിൻെറ നമ്പരോ അല്ലെങ്കിൽ അതിൻമേൽ മുദ്രണം ചെയ്യുകയോ മററുവിധത്തിൽ കാണിക്കുകയോ ചെയ്തിട്ടുള്ള തിരിച്ചറിയാനുള്ള മററ് അടയാളമോ ഇല്ലാത്ത ഏതെങ്കിലും ആഗ്നേയായുധം വില്ക്കുകയോ അല്ലെങ്കിൽ കൈമാററം ചെയ്യുകയോ അല്ലെങ്കിൽ ആ വകുപ്പ് (1)-ാം ഉപവകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുകയോ ; അല്ലെങ്കിൽ

(ഛ) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡം (ii)-ാം ഉപഖണ്ഡമോ (iii)-ാം ഉപഖണ്ഡമോ ബാധകമാകുന്ന ഒരാൾ ആയിരിക്കേ, ആ വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ ആർജ്ജിക്കുകയോ, തൻെറ കൈവശം വയ്ക്കുകയോ കൊണ്ടുനടക്കുകയോ; അല്ലെങ്കിൽ

(ജ) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡം ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആഗ്നേയായുധങ്ങളോ വെടിക്കോപ്പോ വില്ക്കുകയോ കൈമാററം ചെയ്യുകയോ പരിവർത്തനം ചെയ്യുകയോ കേടുപാട് തീർക്കുകയോ പരിശോധന നടത്തുകയോ തെളിയിക്കുകയോ ; അല്ലെങ്കിൽ

(ഝ) 10-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ ഇൻഡ്യയിലേയ്ക്ക് കൊണ്ടുവരികയോ അല്ലെങ്കിൽ ഇൻഡ്യയ്ക്കു പുറത്തുകൊണ്ടുപോകുകയോ ; അല്ലെങ്കിൽ

(ഞ) 11-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ഇനത്തിലോ അല്ലെങ്കിൽ തരത്തിലോ ഉള്ള ആയുധങ്ങളോ വെടിക്കോപ്പോ ഇൻഡ്യയിലേയ്ക്ക് കൊണ്ടുവരികയോ അല്ലെങ്കിൽ ഇൻഡ്യയ്ക്കു പുറത്തു കൊണ്ടുപോകുകയോ ; അല്ലെങ്കിൽ

(ട) 12-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ പരിവഹണം ചെയ്യുകയോ ; അല്ലെങ്കിൽ

(ഠ) 21-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്നപ്രകാരം ആയുധങ്ങളോ വെടിക്കോപ്പോ നിക്ഷേപിക്കാതിരിക്കുകയോ ; അല്ലെങ്കിൽ

(ഡ) ആയുധങ്ങളുടേയോ, വെടിക്കോപ്പിന്റേയോ നിർമ്മാതാവോ വ്യാപാരിയോ ആയിരിക്കേ, 44-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ അപ്രകാരം ചെയ്യാൻ ആവശ്യപ്പെട്ടതിൻമേൽ, രേഖയോ കണക്കുകളോ വച്ചുപോരുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള ചട്ടങ്ങൾ ആവശ്യപ്പെടുന്ന എല്ലാ ഉൾക്കുറിപ്പുകളും അതിൽ രേഖപ്പെടുത്തുന്നതിനോ വീഴ്ചവരുത്തുകയോ അല്ലെങ്കിൽ അതിൽ മന:പൂർവ്വം വ്യാജമായ ഒരു ഉൾക്കുറിപ്പ് ചേർക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള രേഖയുടെയോ കണക്കുകളുടേയോ പരിശോധനയോ അതിൽനിന്നും പകർപ്പുകളോ ഉൾക്കുറിപ്പുകളോ എടുക്കുന്നതോ വിലക്കുകയോ തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ ആയുധങ്ങളോ വെടിക്കോപ്പോ നിർമ്മിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്ന ഏതെങ്കിലും കെട്ടിട പരിസരങ്ങളിലോ മററ് സ്ഥലത്തോ പ്രവേശിക്കുന്നത് വിലക്കുകയോ തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോ പ്രദർശിപ്പിക്കുവാൻ മന:പൂർവ്വം വീഴ്ചവരുത്തുകയോ ഒളിച്ചുവയ്ക്കുകയോ അല്ലെങ്കിൽ അവ എവിടെയാണ് നിർമ്മിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നതെന്ന് വെളിപ്പെടുത്തുവാൻ വിസമ്മതിക്കുകയോ—

ചെയ്യുന്നത്, അയാൾ, മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡം (i)-ാം ഉപഖണ്ഡം ബാധകമാകുന്ന ആളായിരിക്കുന്ന ഏതൊരാളാണോ ആ വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആഗ്നേയായുധമോ വെടിക്കോപ്പോ ആർജ്ജിക്കുകയോ തന്റെ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ കൊണ്ടുനടക്കുകയോ ചെയ്യുന്നത്, അയാൾ ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(3) 5-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥയിൻകീഴിൽ ഏതെങ്കിലും ആഗ്നേയായുധങ്ങളോ വെടിക്കോപ്പോ, അല്ലെങ്കിൽ മററ് ആയുധങ്ങളോ വില്ക്കുകയോ കൈമാററം ചെയ്യുകയോ ചെയ്തിട്ട് അങ്ങനെയുള്ള വില്പനയോ കൈമാററമോ സംബന്ധിച്ച് അധികാരിതയുള്ള ജില്ലാ മജിസ്ട്രേട്ടിനേയോ ഏററവും അടുത്തുള്ള പോലീസ് സ്റേറഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനേയോ വിവരം അറിയിക്കാൻ വീഴ്ചവരുത്തുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(4) ലൈസൻസിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വ്യത്യാസം വരുത്തുന്ന ആവശ്യത്തിന് 17-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻകീഴിൽ, ലൈസൻസിങ് അധികാരസ്ഥാനം അപ്രകാരം ആവശ്യപ്പെടുമ്പോൾ ലൈസൻസ് ഏല്പിച്ചുകൊടുക്കുന്നതിന് വീഴ്ചവരുത്തുകയോ അല്ലെങ്കിൽ അത് നിറുത്തിവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്തതിൻമേൽ ആ വകുപ്പ് (10)-ാം ഉപവകുപ്പിൻകീഴിൽ സമുചിത അധികാരസ്ഥാനത്തിന് ലൈസൻസ് വിട്ടുകൊടുക്കുന്നതിന്, വീഴ്ചവരുത്തുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(5) 19-ാം വകുപ്പിൻകീഴിൽ തന്റെ പേരും മേൽവിലാസവും നല്കാൻ ആവശ്യപ്പെട്ടപ്പോൾ അങ്ങനെയുള്ള പേരും മേൽവിലാസവും നല്കാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ വ്യാജമായിട്ടുള്ളതാണെന്നു പിന്നീട് അറിയുന്ന പേരോ മേൽവിലാസമോ നല്കുകയോ ചെയ്ത ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ ഇരുനൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

രഹസ്യമായ ഉല്ലംഘനങ്ങൾ

26. (ക) 3, 4, 5, 6, 7, 10, 11, 12 വകുപ്പുകളിലെ ഏതെങ്കിലും വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട്, ഏതെങ്കിലും പ്രവൃത്തി, ഏതെങ്കിലും പബ്ലിക് സർവന്റിനോ അല്ലെങ്കിൽ ഒരു റയിൽവേയിലോ വിമാനത്തിലോ, ജലയാനത്തിലോ വാഹനത്തിലോ അല്ലെങ്കിൽ മററ് ഏതെങ്കിലും തരത്തിലുള്ള വാഹനത്തിലോ നിയോജിക്കപ്പെടുകയോ ജോലി നോക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആളിനോ അങ്ങനെയുള്ള പ്രവൃത്തി അറിയാതിരിക്കണമെന്ന ഉദ്ദേശം സൂചിപ്പിക്കുന്ന രീതിയിൽ ചെയ്യുകയോ ; അല്ലെങ്കിൽ

(ഖ) 22-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും ശോധന നടത്തുന്നതിൻമേൽ ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ ഒളിച്ചുവയ്ക്കുകയോ അല്ലെങ്കിൽ ഒളിച്ചുവയ്ക്കാൻ ശ്രമിക്കുകയോ ;

ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

**ആയുധങ്ങളും മുതലായവ നിയമവിരുദ്ധമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്ന ഉദ്ദേശത്തോടുകൂടി കൈവശം വയ്ക്കുന്നതിനുള്ള ശിക്ഷ.**

27\. ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ നിയമവിരുദ്ധമായ ആവശ്യത്തിന് ഉപയോഗിക്കാനോ അല്ലെങ്കിൽ ഏതെങ്കിലും നിയമവിരുദ്ധമായ ആവശ്യത്തിന് മററ് ഏതെങ്കിലും ആളുകൾക്ക് അവ ഉപയോഗിക്കാൻ കഴിവുണ്ടാക്കാനോ ഉള്ള ഉദ്ദേശത്തോടുകൂടി തന്റെ കൈവശം വയ്ക്കുന്ന ഏതൊരാളും, അങ്ങനെയുള്ള നിയമവിരുദ്ധമായ ഉദ്ദേശം നടത്തിയാലും ഇല്ലെങ്കിലും ഏഴുവർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

**ചില സംഗതികളിൽ ആഗ്നേയായുധങ്ങളും വ്യാജ ആഗ്നേയായുധങ്ങളും ഉപയോഗിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നതിനുള്ള ശിക്ഷ.**

28\. തന്നെയോ മററ് ഏതെങ്കിലും ആളേയോ നിയമാനുസരണം അറസ്ററു ചെയ്യുന്നതോ തടങ്കലിൽ വയ്ക്കുന്നതോ ചെറുക്കുകയോ തടയുകയോ ചെയ്യാനുള്ള ഉദ്ദേശത്തോടുകൂടി ഒരു ആഗ്നേയായുധമോ വ്യാജ ആഗ്നേയായുധമോ ഏതെങ്കിലും വിധത്തിൽ പ്രയോജനപ്പെടുത്തുകയോ പ്രയോജനപ്പെടുത്താൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

<u>വിശദീകരണം.</u>—ഈ വകുപ്പിൽ 'വ്യാജ ആഗ്നേയായുധം' എന്ന പദപ്രയോഗത്തിന് 6-ാം വകുപ്പിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

**ലൈസൻസ് ഇല്ലാത്ത ആളിൽ നിന്ന് ആയുധങ്ങൾ മുതലായവ അറിഞ്ഞുകൊണ്ട് വില്ക്കുന്നതിനും വാങ്ങുന്നതിനും, ആയുധങ്ങൾ മുതലായവ കൈവശം വയ്ക്കുന്നതിന് അവകാശമില്ലാത്ത ആൾക്ക് ഏല്പിച്ചുകൊടുക്കുന്നതിനും ഉള്ള ശിക്ഷ.**

29\. (ക) ഏതെങ്കിലും ആഗ്നേയായുധങ്ങളോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന ഇനത്തിലോ തരത്തിലോ ഉള്ള മറേറതെങ്കിലും ആയുധങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും വെടിക്കോപ്പോ, മറേറതെങ്കിലും ആളിൽനിന്ന്, അങ്ങനെയുള്ള മററ് ആൾക്ക് 5-ാം വകുപ്പിൻകീഴിൽ ലൈസൻസ് ഇല്ലെന്നോ അല്ലെങ്കിൽ പ്രാധികാരപ്പെടുത്തിയിട്ടില്ലെന്നോ അറിഞ്ഞുകൊണ്ട് വിലയ്ക്കു വാങ്ങുകയോ, അല്ലെങ്കിൽ

(ഖ) ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ, മറെറാരാളിന്റെ കൈവശത്തിൽ, അങ്ങനെയുള്ള മററ് ആൾക്ക് ഈ ആക്ററിന്റേയോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിന്റേയോ ബലത്തിൽ അവ അയാളുടെ കൈവശം വയ്ക്കുന്നതിന് അവകാശമുണ്ടെന്നും ഈ ആക്ററിനാലോ അങ്ങനെയുള്ള മററു നിയമത്താലോ അവ അയാളുടെ കൈവശം വയ്ക്കുന്നതിൽനിന്ന് നിരോധിക്കപ്പെട്ടിട്ടില്ലെന്നും മുൻകൂട്ടി ഉറപ്പുവരുത്താതെ ഏല്പിച്ചുകൊടുക്കുകയോ,

ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ അല്ലെങ്കിൽ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

**ലൈസൻസോ ചട്ടമോ ഉല്ലംഘിക്കുന്നതിനുള്ള ശിക്ഷ.**

30\. ഈ ആക്ററിൽ യാതൊരിടത്തും യാതൊരു ശിക്ഷയ്ക്കും വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഒരു ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥയോ അല്ലെങ്കിൽ ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥയോ ഉല്ലംഘിക്കുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

**കുററങ്ങൾ ആവർത്തിക്കുന്നതിനുള്ള ശിക്ഷ.**

31\. ഈ ആക്ററിൻകീഴിൽ ഒരു കുററത്തിന് കുററം സ്ഥാപിച്ചിരിക്കേ, ഈ ആക്ററിൻകീഴിൽ വീണ്ടും ഒരു കുററത്തിന് കുററം സ്ഥാപിക്കപ്പെടുന്ന ഏതൊരാളും രണ്ടാമത്തെ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ദണ്ഡനത്തിന്റെ ഇരട്ടി നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

*കണ്ടുകെട്ടാനുള്ള അധികാരം.*

32. (1) ഏതെങ്കിലും ആരം, ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ സംബന്ധിച്ച്, അയാരം ചെയ്ത ഏതെങ്കിലും കുററത്തിന്, ഈ ആക്ററിൻകീഴിൽ കുററസ്ഥാപനം ചെയ്യപ്പെടുമ്പോരം, അങ്ങനെയുള്ള ആയുധങ്ങളോ വെടിക്കോപ്പോ മുഴുവനോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗമോ അതും ആയുധങ്ങളോ വെടിക്കോപ്പോ അടങ്ങിയതോ ഒളിച്ചുവയ്ക്കുന്നതിന് ഉപയോഗിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ജലയാനമോ വാഹനമോ മററു വാഹനസൗകര്യമോ അതും പാത്രമോ അല്ലെങ്കിൽ സാധനമോ അതും കണ്ടുകെട്ടേണ്ടതാണെന്ന് വീണ്ടും നിദേശിക്കുന്നത് കുററസ്ഥാപനം ചെയ്യുന്ന കോടതിയുടെ വിവേകം ഉപയോഗിച്ചായിരിക്കുന്നതാണ്:

എന്നാൽ കുററസ്ഥാപനം അപ്പീലിൻമേലോ മററുവിധത്തിലോ അസ്ഥിരപ്പെടുത്തുകയാണെങ്കിൽ കണ്ടുകെട്ടൽ ഉത്തരവ് ശൂന്യമായിത്തീരുന്നതാണ്.

(2) കണ്ടുകെട്ടൽ ഉത്തരവ് അപ്പീൽ കോടതിയ്ക്കോ റിവിഷൻ അധികാരങ്ങരം പ്രയോഗിക്കുമ്പോരം ഹൈക്കോടതിക്കോ പുറപ്പെടുവിക്കാവുന്നതാണ്.

*കമ്പനികരം ചെയ്യുന്ന കുററങ്ങരം.*

33. (1) ഈ ആക്ററിൻകീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്യുമ്പോഴെല്ലാം, കുററം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തുന്നതിൽ ആ കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നതോ ഉത്തരവാദിത്വമുണ്ടായിരുന്നതോ ആയ ഏതൊരാളും കൂടാതെ കമ്പനിയും ആ കുററത്തിന് അപരാധിയാണെന്ന് കരുതേണ്ടതും, അതനുസരിച്ച് എതിരായി നടപടി എടുക്കുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുററം ചെയ്തിട്ടുള്ളതും തൻെറ അറിവു കൂടാതെയാണെന്നും അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാരം തെളിയിക്കുകയാണെങ്കിൽ ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം ഏതെങ്കിലും ഡയറക്ടരുടെയോ മാനേജരുടെയൊ, സെക്രട്ടറിയുടെയോ മററ് ഉദ്യോഗസ്ഥൻെറയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള എന്തെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ സെക്രട്ടറിയോ മററ് ഉദ്യോഗസ്ഥനോ ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായ നടപടി എടുക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതിനു ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

വിശദീകരണം :— ഈ വകുപ്പിൻെറ ആവശ്യങ്ങരംക്ക് ; —

(ക) 'കമ്പനി' എന്നാൽ ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു വ്യാപാരസംഘമോ വ്യക്തികളുടെ മററ് സമാജമോ ഉരംപ്പെടുന്നതും ;

(ഖ) 'ഡയറക്ടർ' എന്നതിന് ഒരു വ്യാപാര സംഘം സംബന്ധിച്ച് ആ വ്യാപാരസംഘത്തിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും ;

ആകുന്നു.

## അദ്ധ്യായം VI

## പലവക

*ആയുധങ്ങരം പണ്ടകശാലകളിൽ സൂക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെൻറിൻെറ അനുമതി.*

34. കടൽ കസ്ററംസ് ആക്ററ് 1878-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആ്ആക്ററ് 16-ാം വകുപ്പിൻകീഴിൽ ലൈസൻസ് നൽകിയിട്ടുള്ള ഏതെങ്കിലും പണ്ടകശാലകളിൽ കേന്ദ്ര ഗവൺമെൻറിൻെറ അനുമതി കൂടാതെ, യാതൊരു ആയുധങ്ങളോ വെടിക്കോപ്പോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

*ചില സംഗതികളിൽ കെട്ടിട പരിസരങ്ങരം കൈവശം വയ്ക്കുന്ന ആളുകരംക്കുള്ള ശിക്ഷാർഹമായ ഉത്തരവാദിത്വം.*

35. ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും കുററം ഏതു ആയുധങ്ങളോ വെടിക്കോപ്പോ സംബന്ധിച്ചാണോ ചെയ്യുകയോ ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്നത് ആ ആയുധങ്ങളോ വെടിക്കോപ്പോ, പല ആളുകളുടെ കൂട്ടു കൈവശത്തിലോ കൂട്ടു നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കെട്ടിട പരിസരങ്ങളിലോ വാഹനത്തിലോ മററു സ്ഥലത്തോ കാണുന്നിടത്ത്, ഏതു ആളുകളെ സംബന്ധിച്ചാണോ ആ ആയുധങ്ങളോ വെടിക്കോപ്പോ ആ കെട്ടിട പരിസരങ്ങളിലോ വാഹനത്തിലോ മററു സ്ഥലത്തോ ഉണ്ടെന്ന് അയാരംക്ക് അറിയാമായിരുന്നുവെന്ന് വിശ്വസിക്കാൻ കാരണമുള്ളത് അങ്ങനെയുള്ള ഓരോ ആളും, വിപരീതമായി തെളിയിക്കാത്തപക്ഷം, അത് അയാരം മാത്രം ചെയ്യുകയോ ചെയ്തുകൊണ്ടിരിക്കുകയോ ചെയ്താലെന്നപോലെ അതേ രീതിയിൽ ആ കുററത്തിന് വിധേയനായിരിക്കുന്നതാണ്.

ചിലകുററങ്ങൾ സംബന്ധിച്ച് വിവരം നൽകേണ്ടതാണെന്ന്.

36. (1) ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും കുററം ചെയ്തതായി അറിവുള്ള ഏതൊരാളും, ന്യായമായ സമാധാനത്തിന്റെ അഭാവത്തിൽ—അത് തെളിയിക്കേണ്ട ഭാരം അങ്ങനെയുള്ള ആളിൽ ആയിരിക്കുന്നതാണ്—ഏററവും അടുത്തുള്ള പോലീസ് സ്റേറഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അധികാരിതയുള്ള മജിസ്ട്രേട്ടിനോ അതു സംബന്ധിച്ച വിവരം നൽകേണ്ടതാണ്.

(2) ഏതെങ്കിലും റയിൽവേയിലോ, വിമാനത്തിലോ ജലയാനത്തിലോ, വാഹനത്തിലോ അല്ലെങ്കിൽ മററ് ഏതെങ്കിലും വാഹനസൗകര്യത്തിലോ നിയോജിക്കപ്പെട്ടതോ അല്ലെങ്കിൽ ജോലി ചെയ്യുന്നതോ ആയ ഏതൊരാളും, ന്യായമായ സമാധാനത്തിന്റെ അഭാവത്തിൽ—അതു തെളിയിക്കേണ്ട ഭാരം അങ്ങനെയുള്ള ആളിൽ ആയിരിക്കുന്നതാണ്—ഏതു ആയുധങ്ങളോ വെടിക്കോപ്പോ സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ ഒരു കുററം ചെയ്യുകയോ ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്നത് ആ ആയുധങ്ങളോ വെടിക്കോപ്പോ അടങ്ങിയിരിക്കുന്നുവെന്ന് സംശയിക്കുവാൻ കാരണമുള്ള, കൊണ്ടു പോകുന്ന ഏതെങ്കിലും പെട്ടിയോ പാക്കേജോ കെട്ടോ സംബന്ധിച്ച് ഏററവും അടുത്തുള്ള പോലീസ് സ്റേറഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് വിവരം നൽകേണ്ടതാണ്.

അറസ്ററും ശോധനകളും.

37. ഈ ആക്ററിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ,—

(ക) ഈ ആക്ററിൻകീഴിലോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിൻ കീഴിലോ ചെയ്ത എല്ലാ അറസ്ററുകളും ശോധനകളും ക്രിമിനൽ നടപടി നിയമസംഹിത 1898-ൻ കീഴിൽ ചെയ്യുന്ന അറസ്ററുകൾക്കും ശോധനകൾക്കും യഥാക്രമം സംബന്ധിക്കുന്ന ആ നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിർവ്വഹിക്കേണ്ടതാണ്;

(ഖ) ഒരു മജിസ്ട്രേട്ടോ പോലീസ് ഉദ്യോഗസ്ഥനോ അല്ലാത്ത ഒരാൾ ഈ ആക്ററിൻകീഴിൽ അറസ്ററ് ചെയ്യപ്പെട്ട ഏതെങ്കിലും ആളേയോ അല്ലെങ്കിൽ പിടിച്ചെടുക്കപ്പെട്ട ഏതെങ്കിലും ആയുധങ്ങളോ വെടിക്കോപ്പോ ഏററവും അടുത്തുള്ള പോലീസ് സ്റേറഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് താമസം കൂടാതെ ഏൽപ്പിച്ചു കൊടുക്കേണ്ടതും ആ ഉദ്യോഗസ്ഥൻ —

(i) മജിസ്ട്രേട്ടിന്റെ മുൻപാകെ ഹാജരാകുന്നതിന് ജാമ്യത്തോടുകൂടിയോ അല്ലാതെയോ അയാൾ ഒരു ബോണ്ടു ഒപ്പിട്ടു പൂർത്തീകരിക്കുന്നതിൻമേൽ അയാളെ മോചിപ്പിക്കുകയും മജിസ്ട്രേട്ടിന്റെ മുൻപാകെ അയാൾ ഹാജരാകുന്നതുവരെ പിടിച്ചെടുത്ത സാധനങ്ങൾ തന്റെ സൂക്ഷിപ്പിൽ വയ്ക്കുകയും ചെയ്യുകയോ അല്ലെങ്കിൽ

(ii) ബോണ്ടു ഒപ്പിട്ട് പൂർത്തീകരിക്കാനും അപ്രകാരം ആവശ്യപ്പെടുന്ന പക്ഷം മതിയായ ജാമ്യം കൊടുക്കാനും അയാൾ വീഴ്ച വരുത്തുകയാണെങ്കിൽ അയാളേയും ആ സാധനങ്ങളേയും താമസം കൂടാതെ മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കുകയോ

ചെയ്യേണ്ടതാണ്.

കുററങ്ങൾ നടപടിക്കെടുക്കാവുന്നതാണെന്ന്

1898-ലെ 5.

38. ഈ ആക്ററിൻകീഴിലുള്ള ഏതൊരു കുററവും ക്രിമിനൽ നടപടി നിയമസംഹിത 1898-ന്റെ അർത്ഥത്തിൽ നടപടിക്കെടുക്കാവുന്നതായിരിക്കുന്നതാണ്.

ചില സംഗതികളിൽ ജില്ലാ മജിസ്ട്രേട്ടിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണെന്ന്.

39. 3-ാം വകുപ്പിൻകീഴിലുള്ള ഏതെങ്കിലും കുററം സംബന്ധിച്ചു ജില്ലാ മജിസ്ട്രേട്ടിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഏതെങ്കിലും ആൾക്കെതിരായി യാതൊരു പ്രോസിക്യൂഷനും ആരംഭിക്കാൻ പാടുള്ളതല്ല.

ഉത്തമ വിശ്വാസത്തോടെ എടുത്ത നടപടിക്ക് സംരക്ഷണം.

40. ഈ ആക്ററിൻകീഴിൽ, ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആളിനെതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മററു നിയമ നടപടികളോ ഉണ്ടായിരിക്കുന്നതല്ല.

ഒഴിവാക്കാനുള്ള അധികാരം.

41. പൊതുതാൽപ്പര്യത്തിൽ അപ്രകാരം ചെയ്യേണ്ടത് ആവശ്യകമോ അല്ലെങ്കിൽ സമീചീനമോ ആണെന്ന് കേന്ദ്ര ഗവൺമെന്റിന് അഭിപ്രായമുള്ളിടത്ത്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴിയും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ഏതെങ്കിലും വ്യവസ്ഥകളുണ്ടെങ്കിൽ അവയ്ക്ക് വിധേയമായും,

(ക) ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളുടേയോ ഏതെങ്കിലും വ്യവസ്ഥകളുടേയോ പ്രവർത്തനത്തിൽനിന്ന് ഏതെങ്കിലും ആളേയോ ആളുകളുടെ വിഭാഗത്തേയോ ഒഴിവാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ആയുധങ്ങളോ വെടിക്കോപ്പുകളോ ഒഴിവാക്കുകയോ ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്തെ പിൻവലിക്കുകയോ ചെയ്യാവുന്നതും ;

(ഖ) കൂടക്കൂടെ, അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനം റദ്ദാക്കാവുന്നതും അതുപോലുള്ള വിജ്ഞാപനംവഴി അങ്ങനെയുള്ള വ്യവസ്ഥകളുടെ പ്രവർത്തനത്തിന് ആ ആളേയോ ആളുകളുടെ വിഭാഗത്തേയോ ആ തരത്തിലുള്ള ആയുധങ്ങളേയും വെടിക്കോപ്പുകളേയുമോ അല്ലെങ്കിൽ ഇൻഡ്യയുടെ ഭാഗത്തേയോ വീണ്ടും വിധേയമാക്കാവുന്നതാണ്.

42. (1) കേന്ദ്രഗവൺമെൻറിനു, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏതെങ്കിലും പ്രദേശത്തെ എല്ലാ ആഗ്നേയായുധങ്ങളുടെയും കണക്ക് എടുക്കുന്നതിന് നിദേശിക്കുകയും അങ്ങനെയുള്ള കണക്ക് എടുക്കുന്നതിന് ഗവൺമെൻറിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുകയും ചെയ്യാവുന്നതാണ്. ആഗ്നേയായുധങ്ങളുടെ കണക്കെടുക്കുന്നതിനുള്ള അധികാരം.

(2) അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൻമേൽ ആ പ്രദേശത്ത് ഏതെങ്കിലും ആഗ്നേയായുധങ്ങൾ കൈവശമുള്ള എല്ലാ ആളുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്, അതു സംബന്ധിച്ച് അയാൾ ആവശ്യപ്പെടാവുന്ന വിവരങ്ങൾ നൽകേണ്ടതും അയാൾ അപ്രകാരം ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള ആഗ്നേയായുധങ്ങൾ അയാളുടെ മുമ്പാകെ ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

43. (1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, 41-ാം വകുപ്പിൻകീഴിലുള്ള അധികാരമോ 44-ാം വകുപ്പിൻകീഴിലുള്ള അധികാരമോ അല്ലാതെ ഈ ആക്ററിൻകീഴിൽ അത് വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന വിഷയങ്ങളെ സംബന്ധിച്ചും ഉപാധികൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായും അത് പ്രയോഗിക്കാവുന്നതോ നിർവ്വഹിക്കപ്പെടാവുന്നതോ ആയ ഏതെങ്കിലും അധികാരമോ ചുമതലയോ വിജ്ഞാപനത്തിൽ വിനിർദ്ദിഷ്ടമാക്കപ്പെടാവുന്ന— പ്രത്യായോജനം ചെയ്യുന്നതിനുള്ള അധികാരം.

(ക) കേന്ദ്രഗവൺമെൻറിൻെറ കീഴിലുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള സ്റേററ് ഗവൺമെൻറോ അല്ലെങ്കിൽ സ്റേററ് ഗവൺമെൻറിൻെറ കീഴിലുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ,

കൂടി പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

(2) ഈ ആക്ററിൻകീഴിൽ കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്ക്, ഏതെങ്കിലും സ്റേററ് ഗവൺമെൻറിനോ അല്ലെങ്കിൽ അതിൻെറ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ അധികാരങ്ങൾ നൽകുകയോ കർത്തവ്യങ്ങൾ ഏല്പിക്കുകയോ അല്ലെങ്കിൽ അധികാരങ്ങൾ നൽകുന്നതിനോ കർത്തവ്യങ്ങൾ ഏല്പിക്കുന്നതിനോ പ്രാധികാരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

44. (1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന വിഷയങ്ങൾ എല്ലാത്തിനുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) ലൈസൻസിങ്ങ് അധികാരസ്ഥാനങ്ങളുടെ നിയമനവും, അധികാരിതയും, നിയന്ത്രണവും, ചുമതലകളും;

(ഖ) ഒരു ലൈസൻസ് നല്കുന്നതിനും പുതുക്കുന്നതിനും ഉള്ള അപേക്ഷയുടെ ഫാറവും വിവരങ്ങളും, അപേക്ഷ ലൈസൻസ് പുതുക്കുന്നതിനുവേണ്ടിയുള്ളിടത്ത്, അപേക്ഷ കൊടുക്കാനുള്ള സമയം;

(ഗ) ഏതു ഫാറത്തിലും ഏതു ഉപാധിക്കുവിധേയമായും ഏതെങ്കിലും ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ, പുതുക്കുകയോ, വ്യത്യാസപ്പെടുത്തുകയോ നിറുത്തിവയ്ക്കുകയോ അല്ലെങ്കിൽ പിൻവലിക്കുകയോ ചെയ്യുന്നതിനുള്ള ഫാറവും വിധേയമായിരിക്കേണ്ട വ്യവസ്ഥയും;

(ഘ) ഈ ആക്ററിൽ യാതൊരു കാലാവധിയും വിനിർദ്ദേശിച്ചിട്ടില്ലാത്തിടത്ത് ഏതെങ്കിലും ലൈസൻസ് പ്രാബല്യത്തിൽ തുടരുന്ന കാലാവധിയും;

(ങ) ഒരു ലൈസൻസ് നല്കുന്നതിനോ അല്ലെങ്കിൽ പുതുക്കുന്നതിനോ ഉള്ള ഏതെങ്കിലും അപേക്ഷ സംബന്ധിച്ചും നല്കിയതോ പുതുക്കിയതോ ആയ ഏതെങ്കിലും ലൈസൻസ് സംബന്ധിച്ചും കൊടുക്കേണ്ട ഫീസും അതു കൊടുക്കേണ്ട രീതിയും;

(ച) ആഗ്നേയായുധം ഉണ്ടാക്കിയ ആളിൻെറ പേരോ, നിർമ്മാതാവിൻെറ നമ്പരോ തിരിച്ചറിയാനുള്ള മററു അടയാളമോ ഏതു രീതിയിൽ മുദ്രണംചെയ്യുകയോ അല്ലെങ്കിൽ മററുവിധത്തിൽ അതിൽ കാണിക്കുകയോ ചെയ്യേണ്ട രീതി;

(ഛ) ഏതെങ്കിലും ആഗ്നേയായുധങ്ങളുടെ പരിശോധനയ്ക്കോ തെളിവിനോ ഉള്ള നടപടിക്രമം;

(ജ) പരിശീലനവേളയിൽ ഉപയോഗിക്കാവുന്ന ആഗ്നേയായുധങ്ങളും അവ ഉപയോഗിക്കാവുന്ന ആളുകളുടെ പ്രായപരിധിയും അങ്ങനെയുള്ള ആളുകൾ അവ ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും;

(ഝ) 18-ാം വകുപ്പിൻകീഴിൽ അപ്പീലുകൾ ബോധിപ്പിക്കേണ്ട അധികാരസ്ഥാനവും അങ്ങനെയുള്ള അധികാരസ്ഥാനം അനുവർത്തിക്കേണ്ട നടപടിക്രമവും, അപ്പീലുകൾ ബോധിപ്പിക്കേണ്ട കാലാവധിയും, അങ്ങനെയുള്ള അപ്പീലുകളെ സംബന്ധിച്ചു കൊടുക്കേണ്ട ഫീസും അങ്ങനെയുള്ള ഫീസ് മടക്കി കൊടുക്കലും;

(ഞ) 3-ാം വകുപ്പിൻേറയോ 4-ാം വകുപ്പിൻേറയോ കീഴിലുള്ള ഒരു ലൈസൻസ് അല്ലാത്ത ഒരു ലൈസൻസിൻെറ കീഴിൽ ചെയ്ത എന്തിൻെറയെങ്കിലും രേഖകളോ കണക്കുകളോ വച്ചുപോരലും, അങ്ങനെയുള്ളരേഖകളുടെയോ കണക്കുകളുടെയോ ഫോറവും അതിൽ വരുത്തേണ്ട ഉൾക്കുറിപ്പും ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോടോ അല്ലെങ്കിൽ ഇതിലേക്ക് അധികാരപ്പെടുത്തിയ ഗവൺമെൻറിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനോടോ അങ്ങനെയുള്ള രേഖകളോ കണക്കുകളോ പ്രദർശിപ്പിക്കലും;

(ട) ആയുധങ്ങളോ വെടിക്കോപ്പോ നിർമ്മിക്കുന്നതോ അല്ലെങ്കിൽ അങ്ങനെയുള്ള ആയുധങ്ങളുടെയോ വെടിക്കോപ്പിൻെറയോ നിർമ്മാതാവോ വ്യാപാരിയോ ആയുധങ്ങളോ വെടിക്കോപ്പോ സൂക്ഷിക്കുന്നതോ ആയ ഏതെങ്കിലും കെട്ടിടപരിസരത്തിലോ മററുസ്ഥലത്തോ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻേറയോ ഇതിലേക്ക് അധികാരപ്പെടുത്തിയ ഏതെങ്കിലും ഗവൺമെൻറ് ഉദ്യോഗസ്ഥൻേറയോ പ്രവേശനവും പരിശോധനയും അവയെ അങ്ങനെയുള്ള ഉദ്യോഗസ്ഥൻെറ മുമ്പാകെ പ്രദർശിപ്പിക്കലും;

(ഠ) 21-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്ന പ്രകാരം ആയുധങ്ങളോ വെടിക്കോപ്പോ ലൈസൻസുകളുള്ള വ്യാപാരിയുടെ പക്കലോ യൂണിററ് ആയുധപ്പുരയിലോ നിക്ഷേപിക്കുന്നതിനു വിധേയമായിരിക്കേണ്ട വ്യവസ്ഥകളും അപ്രകാരം നിക്ഷേപിച്ച സാധനങ്ങൾ കണ്ടുകെട്ടുന്നതിനു കഴിഞ്ഞിരിക്കേണ്ട കാലാവധിയും;

(ഡ) നിർണ്ണയിക്കപ്പെടുന്നതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മററു ഏതെങ്കിലും വിഷയം,

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആവുന്നത്രവേഗത്തിൽ പാർലമെൻറ് സമ്മേളിച്ചിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനത്തിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്കു വയ്ക്കേണ്ടതും അതു അപ്രകാരം വച്ചിട്ടുള്ള സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ചട്ടങ്ങൾ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിന് അതതു സംഗതിപോലെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; ആകുന്നു : എന്നാൽ അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

**ചില സംഗതികളിൽ ആക്ററ് ബാധകമാകുന്നതല്ല.**

45. ഈ ആക്ററിലുള്ള യാതൊന്നും—

(ക) ഏതെങ്കിലും സമുദ്ര ജലയാനത്തിലോ ഏതെങ്കിലും വിമാനത്തിലോ കയററിയിട്ടുള്ളതും അങ്ങനെയുള്ള ജലയാനത്തിൻേറയോ വിമാനത്തിൻേറയോ സാധാരണ ആയുധങ്ങളുടേയോ സജ്ജീകരണങ്ങളുടേയോ ഭാഗമായിത്തീരുന്നതും ആയ ആയുധങ്ങൾക്കും അല്ലെങ്കിൽ വെടിക്കോപ്പിനുമോ;

(ഖ) (i) കേന്ദ്രഗവൺമെൻറിനാലോ അല്ലെങ്കിൽ അതിൻെറ ഉത്തരവിൻകീഴിലോ, അല്ലെങ്കിൽ

(ii) പബ്ലിക് സർവൻറ് എന്ന നിലയിൽ തൻെറ കർത്തവ്യനിർവ്വഹണവേളയിൽ ഒരു പബ്ലിക് സർവൻറിനാലോ, അല്ലെങ്കിൽ

**1948-ലെ 31-ൻ**

(iii) 1948-ലെ നാഷണൽ കേഡററ് കോർ ആക്ററ് കീഴിൽ രൂപവത്ക്കരിച്ചു നടത്തിക്കൊണ്ടുവരുന്നതുമായ നാഷണൽ കേഡററ് കോറിലെ ഒരംഗത്താലോ 1948-ലെ ടെറിട്ടോറിയൽ ആർമി ആക്ററ്

**1948-ലെ 56**

1948-ൻ കീഴിൽ രൂപവൽക്കരിച്ചു നടത്തിക്കൊണ്ടുവരുന്നതുമായ ടെറിട്ടോറിയൽ ആർമിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനാലോ അല്ലെങ്കിൽ അംഗത്വമുള്ള ആളിനാലോ, അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്ര ആക്ററിൻകീഴിൽ രൂപവൽക്കരിച്ചുനടത്തിക്കൊണ്ടുവരുന്നതും അല്ലെങ്കിൽ ഇതിനുശേഷം രൂപവൽക്കരിച്ചു നടത്തിക്കൊണ്ടുവരുന്നതുമായ മററ് ഏതെങ്കിലും സേനകളുടെ ഏതെങ്കിലും അംഗത്താലോ അല്ലെങ്കിൽ കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം

വഴി വിനിർദ്ദേശിക്കാവുന്ന മററ് സേനകളിലെ അംഗമോ ഉദ്യോഗസ്ഥനോ പേര് ചേർക്കപ്പെട്ട ആളോ എന്ന നിലയിൽ തന്റെ കർത്തവ്യനിർവ്വഹണവേളയിൽ ഏതെങ്കിലും അംഗത്താലോ ഉള്ള ആയുധങ്ങളുടെയോ വെടിക്കോപ്പിന്റേയോ ആർജ്ജനത്തിനോ കൈവശം വയ്ക്കലിനോ കൊണ്ടുനടക്കലിനോ നിർമ്മാണത്തിനോ കേടുപാടു തീർക്കുന്നതിനോ പരിവർത്തനത്തിനോ പരിശോധനയ്ക്കോ തെളിയിക്കലിനോ വില്പനയ്ക്കോ കൈമാററത്തിനോ ഇറക്കുമതിക്കോ കയററുമതിക്കോ പരിവഹനത്തിനോ

(ഗ) കേടുപാടുകരം തീർത്തോ അല്ലെങ്കിൽ തീർക്കാതെയോ ഒരു ആഗ്നേയാട്ടയുധമായി ഉപയോഗിക്കാൻ കൊള്ളാതെ പഴഞ്ചൻ മാതൃകയിലുള്ളതോ അതിപുരാതനമായുള്ളതോ ഉപയോഗശൂന്യമായതോ ആയ ഏതെങ്കിലും ആയുധത്തിനോ

(ഘ) ഒരു ആളോ മററ് ഏതെങ്കിലും ആളോ ആർജ്ജിച്ചതോ കൈവശം വച്ചിട്ടുള്ളതോ ആയ അനുപൂരകഭാഗങ്ങളോടൊപ്പം ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്ത ആയുധങ്ങളുടെയോ വെടിക്കോപ്പുകളുടേയോ ചെറിയ ഭാഗങ്ങരം ഒരാരം ആർജ്ജിക്കുന്നതിനോ കൈവശം വയ്ക്കുന്നതിനോ അല്ലെങ്കിൽ കൊണ്ടുനടക്കുന്നതിനോ ബാധകമാകുന്നതല്ല.

46. (1) ഇൻഡ്യൻ ആയുധങ്ങരം ആക്ററ് 1878, ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു. **1878-ലെ 11-ാം ആക്ററ് റദ്ദാക്കൽ.**

(2) ഇൻഡ്യൻ ആയുധങ്ങരം ആക്ററ്, 1878 റദ്ദാക്കിയിരുന്നാലും സാമാന്യഖണ്ഡങ്ങരം ആക്ററ് 1897, 1878-ലെ 111, 0, 6-ം,24-ം വകുപ്പുകളിലെ വ്യവസ്ഥകരംക്ക് ഭംഗം കൂടാതെയും ആദ്യം പറഞ്ഞിട്ടുള്ള ആക്ററിന്റെ കീഴിൽ നൽകിയതോ അല്ലെങ്കിൽ പുതുക്കിയതോ ആയതും ഈ ആക്ററിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്നതും ആയ ഏതൊരു ലൈസൻസും, ഉടനടി പിൻവലിക്കാത്തപക്ഷം അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം, അതു ഏതു കാലയളവിലേക്കാണ് നല്കുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളത് ആ കാലയളവിൽ ബാക്കിയുള്ള കാലത്തേക്ക് പ്രാബല്യത്തിൽ തുടരുന്നതാണ്.

---